# ത്രിതലസംവാദം

സണ്ണി തോമസ്

Author : Sunny Thomas
Copyright : Author

Published by
General Publishing
Post Box : 2215
Sasthamangalam
Thiruvananthapuram-695010

January 1998
0198024

Printed at
Leena Printers,
Trivandrum-11

# വിഷയ വിവരം


പുറം

1 ബൈബിളും ഏകേശ്വര വിശ്വാസവും .... 7

2 യേശുക്രിസ്തുവിന്റെ മനുഷ്യത്വവും, ദൈവത്വവും .... 13

യേശുക്രിസ്തുവിന്റെ മനുഷ്യത്വം .... 15

യേശുക്രിസ്തുവിന്റെ ദൈവത്വം (1) (തിരുവെഴുത്തുകളുടെ സാക്ഷ്യം) .... 17

യേശുക്രിസ്തുവിന്റെ ദൈവത്വം (2) (ക്രിസ്തുവിൽ ദൈവിക ലക്ഷണങ്ങൾ) .... 28

യേശുക്രിസ്തുവിന്റെ ദൈവത്വം (3) ('യഹോവ' എന്ന നാമത്തിന്റെ സാക്ഷ്യം) .... 35

3 പരിശുദ്ധാത്മാവിന്റെ ദൈവത്വവും, ആളത്വവും .... 50

പരിശുദ്ധാത്മാവിന് പിതാവിനോടും, പുത്രനോടും ഉള്ള സമത്വം .... 62

4 ത്രിത്വോപദേശ സംഗ്രഹം .... 64

ത്രിയേകോപദേശം .... 66

ത്രിയേകത്വത്തിന് വചനത്തിൽ നിന്നുള്ള തെളിവുകൾ .... 68

'ഏകൻ' - 'ത്രിയേകൻ' .... 72

ഉപസംഹാരം .... 77

# ആമുഖം

നാളിതുവരെ സുവിശേഷദൂതുകളാണ് ഞാൻ പ്രസിദ്ധീകരിച്ചു വന്നത്. വർത്തമാന പത്രങ്ങളിൽ കൊടുക്കുന്ന സുവിശേഷ സന്ദേശങ്ങൾ കൊണ്ട് ബഹുസഹസ്രം വായനക്കാർ ഉള്ളതുകൊണ്ട് അവർക്കുവേണ്ടി എൻെറ പല സുവിശേഷ പ്രസംഗ സംഗ്രഹങ്ങളും, ലേഖനങ്ങളും പ്രസിദ്ധീകരിക്കുന്നതിന് നിർബ്ബന്ധിക്കപ്പെടുകയാണുണ്ടായത്. ആ പ്രസിദ്ധീകരണങ്ങളിലൂടെ ഒരു ആത്മിക രൂപാന്തരത്തിലേക്ക് കടന്നു വന്നവർക്കായി രക്ഷയുടെ ഉപദേശം വിശദീകരിക്കേണ്ട ഒരു ആവശ്യകത നേരിട്ടപ്പോഴാണ് 'വിശ്വാസത്താൽ നീതീകരണം' എന്ന പുസ്തകമെഴുതി പ്രസിദ്ധീകരിച്ചത്.

ത്രിത്വത്തെക്കുറിച്ചുള്ള ഈ പുസ്തകം എഴുതേണ്ടി വന്നതും ഒരു പ്രത്യേക സാഹചര്യത്തിലാണ് 'യഹോവാ സാക്ഷികൾ' എന്നറിയപ്പെടുന്ന പ്രസ്ഥാനത്തിലെ പ്രമുഖരായ ചിലരുമായി സംവാദിക്കേണ്ട ഒരു ഘട്ടം ചില വർഷങ്ങൾക്ക് മുൻമ്പ് ഉണ്ടായി. തുടർന്നും പല സ്ഥലത്തും സാഹചര്യങ്ങളിലുമായി ഒന്നുകിൽ ആ പ്രസ്ഥാനത്തിലെ പ്രവർത്തകരുമായിട്ടും, അല്ലെങ്കിൽ അവരുടെ മൂഢോപദേശത്തിൽ വലത്തു പോയവരുമായിട്ടും ഇടപടേണ്ടതായി വന്നിട്ടുണ്ട്. 1996-ൽ ആഫ്രിക്കയിലെ ഒരു പട്ടണമായ വിക്ടോറിയായിൽ 15 ദിവസത്തെ സുവിശേഷ പ്രവൃത്തനത്തിൻെറ സമയത്ത് ഇവരുടെ പ്രവൃത്തനത്തിൻെറ ഭീകരത നേരിൽ കാണുവാൻ ഇടയായി. സത്യസുവിശേഷം ഇന്നും അതിൻെറ യഥാർത്ഥ നിലയിൽ എത്തിയിട്ടില്ലാത്ത ആ സ്ഥലത്ത് ഇവരുടെ പാഷാണ്ഡോപദേശം പ്രചരിപ്പിച്ച് ഒരു വലിയ സംഘത്തെ കെട്ടിപ്പെടുത്തിട്ടുണ്ട്. ആത്മികമായി ശ്യൂന്യമായി കിടക്കുന്ന മനസ്സുകളിൽ ജീവൻെറ വിത്തായ

ക്രിസ്തുവിൻ സുവിശേഷത്തിനു പകരം ഇവർ വിതക്കുന്നത്, ക്രൈസ്തവരുടെ പേരിൽ, സത്യം ഇല്ലാത്ത, അവരേയും അവരെ പിൻ പററുന്നവരേയും വഞ്ചിക്കുന്ന ഭോഷ്കിൻെറ വിത്താണ്. അന്ന് അവിടെവച്ച് ,ഏക സത്യ ദൈവവും യേശുക്രിസ്തുവും ഒന്നാണെന്ന് വിശ്വസിക്കാത്തവന് നിത്യജീവൻ ഇല്ല എന്ന പ്രബോധനം തരുന്ന, 'ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനേയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു.' എന്ന യോഹന്നാൻെറ സുവിശേഷത്തിലെ വാക്യം ഹൃദയത്തിലേക്ക് വരികയും ത്രിത്വത്തെക്കുറിച്ച് എഴുതുവാൻ പ്രേരിപ്പിക്കപ്പെടുകയും ചെയ്തു.

എൻെറ വ്യക്തിപരമായ അഭിപ്രായത്തിൽ ഉപദേശ കാര്യങ്ങളിൽ ഉള്ള അഭിപ്രായ വ്യത്യാസം പോലൊരു വിഷയമല്ല ത്രിത്വനിഷേധികളുമായി ഏർപ്പെടുമ്പോൾ മനസിലാകുന്നത്. കാരണം, ദൈവിക വിഷയങ്ങളെയല്ല ദൈവത്തെ തന്നെയാണ് ഇവർ ചോദ്യം ചെയ്യുന്നത്.

ആശയപ്രചരണം ലക്ഷ്യമാക്കി താളുകൾ കുറക്കുക എന്ന പൊതുവായ സമീപനം ഈ കൃതിയിലും ഞാൻ സ്വീകരിച്ചിട്ടുണ്ട്. ത്രിത്വനിഷേധികളുടെ ഇതുവരേയുള്ള ചരിത്രം അതിൻെറ പരാജയം, ത്രിത്വവാദികളുടെ ചരിത്രം അതിൻെറ വിജയം ഇവ പ്രതിപാദിക്കുന്ന ഒട്ടനവധി ഗ്രന്ഥങ്ങൾ നിലവിലുണ്ടെങ്കിലും ഈ കൃതിയിൽ ചരിത്ര വിവരണങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ബൈബിളും ഏകേശ്വര വിശ്വാസവും, യേശുക്രിസ്തുവിൻെറ മനുഷ്യത്വവും ദൈവത്വവും, പരിശുദ്ധാത്മാവിൻെറ ദൈവത്വം ആളത്വം, ത്രിയേകോപദേശ സംഗ്രഹം, എന്നീ നാലു കുറിപ്പുകൾ തിരുവെഴുത്തിൻെറ ആധികാരികതയിൽ എഴുതിയിരിക്കുന്നു എന്നേയുള്ളു.

ഇതിൻെറ നാലാം അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, 'ത്രിത്വ പൂർണ്ണമായ നാമങ്ങളിൽ നില നിന്നുകൊണ്ടാണ് 'ദൈവം ഏകൻ' എന്നും അരുളിചെയ്തിരി

ക്കുന്നത് എന്ന ആശയത്തെ കേന്ദ്രീകരിച്ചാണ് ഈ കൃതിയുടെ രചന നിർവ്വഹിച്ചിരിക്കുന്നത്.

ഇതിന്റെ പാരായണം ഏവർക്കും പ്രയോജനകരമായി തീരുവാൻ സർവ്വശക്തനായ ദൈവം ഇടവരുത്തട്ടെ.

വായനക്കാരനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ട്,

സണ്ണി തോമസ്സ്

തിരുവനന്തപുരം
11 ഡിസംബർ 1997

# I

# ബൈബിളും ഏകേശ്വര വിശ്വാസവും

ക്രൈസ്തവമാർഗ്ഗം മററേതിൽ നിന്നും വിഭിന്നമായി നില്ക്കുന്നത്, അത് ദൈവത്തെക്കുറിച്ച് ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തെ മനുഷ്യന് മനസ്സിലാക്കികൊടുക്കുന്നു എന്നതിനാലാണ്. ദൈവത്തെക്കുറിച്ച് ആരായാൻ ശ്രമിക്കുമ്പോൾ തന്നെ ആത്മികമായി വിവേചിക്കേണ്ട വസ്തുതകളെ പാപപങ്കിലമായ യുക്തികൊണ്ട് അപഗ്രഥിക്കുവാൻ തുനിഞ്ഞാൽ പരാജയമായിരിക്കും ഫലം. എന്നാൽ ദൈവത്തെക്കുറിച്ചുള്ള ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ മനുഷ്യൻ സ്വീകരിക്കേണ്ടിയിരിക്കുന്നു. യുക്തിക്ക് ഉൾക്കൊള്ളുവാൻ കഴിയാത്തതും സ്വീകരിക്കേണ്ടതുണ്ടോ എന്ന് സംശയാലുക്കൾ ചോദിച്ചേക്കാം. ബൈബിൾ അതിന് നൽകുന്ന മറുപടി ശ്രദ്ധേയമാണ്. ''കാററ് ഇഷ്ടമുള്ളേടത്ത് ഊതുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെ നിന്ന് വരുന്നു എന്നും എവിടേക്ക് പോകുന്നുവെന്നും അറിയുന്നില്ല.'' (യോഹന്നാൻ 3:8) ബുദ്ധിക്ക് ഉൾക്കൊള്ളുവാൻ കഴിയാത്ത പ്രപഞ്ച രഹസ്യങ്ങളെ വിശ്വസി

ക്കുവാൻ നിർബന്ധിതനാകുന്ന മനുഷ്യൻ പ്രപഞ്ച സൃഷ്ടാവായ ദൈവം തന്നെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തെ വിശ്വസിക്കുവാൻ വിമുഖത കാട്ടുന്നതിൽ ന്യായീകരണമില്ലെന്ന് അതിനാൽ തെളിയുന്നു.

പഴയനിയമത്തിൽ ദൈവം തന്നെക്കുറിച്ച് തന്നെ 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു' എന്നാണ് പറഞ്ഞിരിക്കുന്നത്. മനുഷ്യ ബുദ്ധിക്ക് അതിൻ മീതെ കടന്നുചെല്ലുവാൻ കഴിയുകയില്ല എന്ന് അതിൽ നിന്നും വ്യക്തമാണ്. എന്നാൽ പുതിയ നിയമത്തിൽ കർത്താവായ യേശുക്രിസ്തു മുഖാന്തരമാണ് നാം ദൈവത്തെ കൂടുതലായി അറിയുന്നത്. പുത്രൻ ദൈവമായതിനാൽ ദൈവത്തെ വെളിപ്പെടുത്തി. മററാർക്കും അത് സാദ്ധ്യമാകുമായിരുന്നില്ല. ''ദൈവ പുത്രൻവന്നു എന്നും സത്യ ദൈവത്തെ അറിവാൻ നമുക്ക് വിവേകം തന്നു എന്നും നാം അറിയുന്നു'' (1 യോഹന്നാൻ 5:20) അതിനാൽ ക്രിസ്തുവിലൂടെ മാത്രം നാം ദൈവത്തെ അറിയുന്നു. പിതാവിനെ ആരും കണ്ടിട്ടില്ല. എന്നാൽ ക്രിസ്തു ദൈവത്തെ വെളിപ്പെടുത്തി (യോഹന്നാൻ 1:18) ക്രിസ്തുവിനെ അറിയുന്നവൻ മാത്രം ദൈവത്തെ അറിയുന്നു. (യോഹന്നാൻ 14:7)

ആദ്യ നൂററാണ്ടുകൾ മുതൽക്കേ ദുർഘടങ്ങളായ വിഷയങ്ങളെ ബുദ്ധിക്ക് നിരക്കുന്ന നിലയിൽ വ്യാഖ്യാനിച്ച് തോൽവിയടഞ്ഞവർ പലരാണ്. 'യേശുക്രിസ്തുവിൻെറ ദൈവത്വം' എന്ന വിഷയത്തിൽ ഇടറിപ്പോകയും, അതിനെ ദുർവ്യാഖ്യാനം

ചെയ്യുവാൻ ശ്രമിച്ച അറിയൂസ് നാലാം നൂററാണ്ടിൽ ജീവിച്ചിരുന്ന ദുരുപദേശകനായിരുന്നു. അറിയൂസ്സിൻെറ ആശയങ്ങളെ 19-ാം നൂററാണ്ടോടുകൂടി റസ്സലിലൂടെ സാത്താൻ പുനർജീവിപ്പിക്കുകയും ഇന്ന് അനേകരെ അപഥസഞ്ചാരികളാക്കുന്ന ഒരു പ്രസ്ഥാനമായി അത് തുടരുകയും ചെയ്യുന്നു.

ത്രിത്വ നിഷേധികളുടെ ഏററം പ്രധാനപ്പെട്ട ഒരു അവകാശ വാദം അവർ ഏക ദൈവ വിശ്വാസികളെന്നാണ്. തങ്ങളുടെ ന്യായം യുക്തിക്ക് നിരക്കുന്നതാക്കാൻ പുത്രൻെറയും, പരിശുദ്ധാത്മാവിൻേറയും ദൈവത്വത്തെനിഷേധിക്കയെന്ന വഞ്ചനയാണ് അവർ സ്വീകരിച്ചിരിക്കുന്നത്.

'ദൈവം ഏകൻ' എന്നും 'ദൈവം ഒരുവൻ' എന്നും ബൈബിൾ പ്രഖ്യാപിക്കുമ്പോൾ തന്നെ നിഷേധിക്കുവാൻ കഴിയാത്ത വിധത്തിൽ ഏക ദൈവത്തിൻെറ മൂന്നു ആളത്വങ്ങളായി പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നിലകളിൽ ദൈവം തന്നെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് ഒന്നിലധികം ദൈവങ്ങൾ ഉണ്ടെന്ന് ബൈബിൾ പഠിപ്പിക്കുന്നില്ല. പിതാവിനു സമമായി പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും ദൈവത്വത്തെക്കുറിച്ചുള്ള വാക്യങ്ങളാൽ ബൈബിൾ പൂരിതമായിരിക്കുന്നതിനാൽ 'ത്രിയേക' വിശ്വാസത്തെ സ്വീകരിക്കാതെ ഏകേശ്വരത്വത്തെ സ്ഥാപിപ്പാൻ കഴികയില്ലെന്നുള്ളത് നിസ്തർക്കമാണ്. ത്രിത്വത്തെ നിഷേധിച്ചുകൊണ്ട് ഏകദൈവ വിശ്വാസത്തെ സമർത്ഥിക്കുവാൻ ശ്രമിക്കുന്നവർക്ക് വചനം കൊണ്ട് അവ

രുടെ ന്യായത്തെ തെളിയിക്കുവാൻ കഴികയില്ലെന്നാണ് ത്രിത്വ നിഷേധികളായ 'യഹോവ സാക്ഷികളുമായി' നടന്ന സംവാദത്താൽതെളിയിക്കപ്പെട്ടത്.

ചോദ്യം (ഒന്ന്) : "ബൈബിൾ സത്യമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുവൊ?"

യഹോവാസാക്ഷി: വിശ്വസിക്കുന്നു.

ചോദ്യം (രണ്ട്) : നിങ്ങൾ ഏക ദൈവ വിശ്വാസിയൊ?

യഹോവാസാക്ഷി: 'തികച്ചും ഒരു ഏക ദൈവ വിശ്വാസി'

ചോദ്യം (മൂന്ന്) : യേശുക്രിസ്തു ദൈവമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുവൊ ?'

യ: സാക്ഷി : (മൗനം)

ഈ ചോദ്യത്തിന് ഉത്തരം നല്കാതെ യഹോവയുടെ സാക്ഷി ഒഴിഞ്ഞുമാറുകയാണുണ്ടായത്. യേശുക്രിസ്തു ദൈവമാണെന്ന് സമ്മതിക്കുവാൻ അവർക്കു കഴികയില്ല. എന്നാൽ ബൈബിളിലെ നിരവധി വാക്യങ്ങളുടെ അടിസ്ഥാനത്തിൽ യേശുക്രിസ്തു ദൈവമല്ല എന്ന് പറയുവാനും അവർക്ക് കഴികയില്ല. ഒടുവിൽ അവർ പറഞ്ഞത്.

യ: സാക്ഷി : "ഏക സത്യദൈവം ഒന്നേയുള്ളു. അതിൽ നിന്നും ശക്തി കുറഞ്ഞ ഒരു ദൈവമായി ക്രിസ്തുവിനെ കണക്കാക്കാം."

ചോദ്യം (നാല്) : ശക്തി കൂടിയതും, കുറഞ്ഞതുമായ നിലയിൽ രണ്ട് ദൈവങ്ങളുണ്ടെന്ന് യഹോവാ സാക്ഷികളായ നിങ്ങൾക്ക് സമ്മതിക്കേണ്ടിയതായി വരുന്നതിനാൽ, നിങ്ങൾ എങ്ങനെ ഒരു ഏക ദൈവ വിശ്വാസിയാകും ?

യ. സാക്ഷി : (മൗനം)

യഹോവാ സാക്ഷികൾക്ക് സംഭവിക്കുന്ന ദുരന്തം ഇതാണ്. ബൈബിളിൽ ദൈവത്തെക്കുറിച്ചുള്ള വെളിപ്പെടുത്തൽ അവർ സ്വീകരിക്കാതിരിക്കുന്നതിനാൽ ഒന്നിലധികം ദൈവങ്ങൾ ഉണ്ടെന്നുള്ളതാണ് അവരുടെ ഉപദേശം എന്ന് ഗത്യന്തരമില്ലാതാകുമ്പോൾ അവർക്ക് സമ്മതിക്കേണ്ടി വരുന്നു. ദൈവം ഒരുവൻ എന്നല്ലാതെ വലിയ ദൈവങ്ങളൊ, ചെറിയ ദൈവങ്ങളൊ ഉണ്ടെന്ന് ബൈബിൾ പറയുന്നില്ല. ത്രീയേക വിശ്വാസത്തെ സ്വീകരിക്കാത്തിടത്തോളം വലിയ ദൈവവും ചെറിയ ദൈവവും ഉണ്ടെന്ന് പറയേണ്ട ഗതികേടാണ് യഹോവാ സാക്ഷിക്ക് വരുന്നത്. 'ഏകേശ്വര വിശ്വാസം' എന്ന അവരുടെ അവകാശവാദം വെറും വഞ്ചനയാണെന്ന് സ്പഷ്ടം.

എന്നാൽ ഏകദൈവത്തിന്റെ മൂന്ന് ആളത്വങ്ങളായി പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ നിലയിൽ ദൈവം തന്നെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നു എന്നും മനുഷ്യബുദ്ധിക്കതീതമെങ്കിലും ഈ സത്യത്തെ സർവ്വാത്മനാ സ്വീകരിപ്പാൻ വിശ്വാസി ബാദ്ധ്യസ്ഥനായിരിക്കുന്നു. ത്രിത്വോപദേശത്തെ സ്വീകരിക്കാതെ ഏകദൈവ

വിശ്വാസി ആയിരിപ്പാൻ ബൈബിൾ വിശ്വസിക്കുന്ന ഒരുവന് കഴികയില്ലെന്നും ഈ അടിസ്ഥാന വിശ്വാസത്തെ സ്വീകരിക്കാതെ 'ക്രിസ്ത്യാനി' എന്നവകാശപ്പെടുവാൻ ഒരുവന് സാദ്ധ്യമല്ലെന്നുള്ളതും തർക്കരഹിതമാണ്.

ദൈവീക ലക്ഷണങ്ങളായ സ്വയംഭൂത്വം, നിത്യത്വം, അനന്യത ഇവ പിതൃ, പുത്ര, പരിശുദ്ധാത്മാവിന് ഒരുപോലുള്ളതായി വചനം വ്യക്തമാക്കുന്നുണ്ട്. ഈ സത്യത്തെ നിഷേധിക്കുന്നത് ദൈവ നിഷേധം ആയിരിക്കുന്നു. അതിനാൽ ത്രിത്വവിശ്വാസിക്കു മാത്രമെ വചനത്തിലെ ഏകദൈവ വിശ്വാസത്തിൽ നിലനില്ക്കുവാൻ കഴികയുള്ളു.

# 2

# യേശുക്രിസ്തുവിൻെറ മനുഷ്യത്വവും ദൈവത്വവും

യേശുക്രിസ്തുവിൻെറ ദൈവത്വത്തിൽ യഹോവാ സാക്ഷികൾ വിശ്വസിക്കുന്നില്ല. യേശുക്രിസ്തുവിൻെറ ദൈവത്വത്തെക്കുറിച്ചുള്ള വാക്യങ്ങൾ എല്ലാം സ്വയം തിരുത്തൽ ചെയ്താണ് അവർ അവരുടെതായ ബൈബിൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. അങ്ങനെ വാക്യങ്ങൾ തിരുത്തൽ ചെയ്തിട്ടും അവരുടെ ഉപദേശത്തിനനുകൂലമായല്ല പ്രതികൂലമായാണ് അത് തീർന്നിട്ടുള്ളത്. അത്യന്തം നീചമായ തിരുത്തലാണ് യോഹന്നാൻ 1:1-ൽ നടത്തിയിരിക്കുന്നത്. അവിടെ 'വചനം ദൈവമായിരുന്നു' (Word was God) എന്ന വാക്യത്തെ 'വചനം ഒരു ചെറിയ ദൈവമായിരുന്നു' (Word was a god) എന്നാണ് തിരുത്തൽ ചെയ്തിരിക്കുന്നത്. അങ്ങനെ യേശുക്രിസ്തു ഒരു ദൈവമായിരുന്നു എന്ന് തിരുത്തുമ്പോൾ ഒന്നിലധികം ദൈവങ്ങളുണ്ടെന്നുള്ള സൂചനയാണ് ത്രിത്വനിഷേധികളുടെ ബൈബിളിൽ കാണുന്നത്. അങ്ങനെയാകുന്നത് 'ദൈവം ഒരുവൻ' എന്ന തിരുവെഴുത്തിലെ സത്യവിശ്വാസത്തിനെതിരാണ്.

അതിനാൽ തിരുത്തൽ ചെയ്യപ്പെട്ട വചന ഭാഗങ്ങൾ കൊണ്ട് തെളിയുന്നത് സത്യത്തെ തിരുത്തി അസത്യം സ്ഥാപിക്കുവാൻ കഴികയില്ല എന്നാണ്.

യേശുക്രിസ്തുവിനെ പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമായിട്ടാണ് വചനം പറയുന്നത്. അതുകൊണ്ടാണ് ക്രിസ്തു ഏക രക്ഷകൻ ആയിരിക്കുന്നത്. മനുഷ്യരക്ഷക്കായി തന്നെത്താൻ താഴ്ത്തി ജഢം ധരിച്ച് ദാസരൂപം എടുത്ത ക്രിസ്തുവിൻെറ മനുഷ്യത്വത്തിൽ എളിമയൊ, താഴ്മയൊ, പ്രകടമാകുന്ന ചില ഭാഗങ്ങൾ വചനത്തിൽ ഉണ്ട്. അവ മാത്രം ഉയർത്തിക്കാട്ടിയാണ് 'യഹോവയുടെ സാക്ഷികൾ' ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കുന്നത്.

'പുത്രൻ' എന്നുള്ള പ്രയോഗം തന്നെ പ്രഥമ അർത്ഥത്തിൽ ക്രിസ്തുവിൻെറ മനുഷ്യത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. 'ഏകജാതനായ പുത്രൻ' എന്നുള്ള വിശേഷണം തന്നെ ദൈവമായിരുന്നവൻ മനുഷ്യപുത്രനായി ജനിച്ച് സ്വർഗ്ഗീയതയെ തന്നിലൂടെ കൊണ്ടുവരപ്പെട്ടവൻ എന്ന ആശയത്തിലാണ്. 'ദൂതന്മാരേക്കാൾ അല്പം താഴ്ച വന്നവനായ യേശു (എബ്രായർ 2:9) മരണം അനുഭവിച്ച് പാപിയുടെ മരണം മാററാൻ സ്വമനസ്സാലെ മനുഷ്യനായി വന്ന് ആ താഴ്ച സ്വീകരിച്ചു. യോഹന്നാൻെറ സുവിശേഷത്തിൽ' പിതാവ് എന്നിലും വലിയവന് എന്നു പറയുന്നതും അതേ സ്വഭാവമുള്ള പന്ത്രണ്ടിൽപരം ഭാഗങ്ങളുണ്ട്. അതെല്ലാം തന്നെ മനുഷ്യത്വത്തിലുള്ള താഴ്ചയിൽ ഐഹിക ജീവിത

കാലത്ത് പറയുന്നതാണ്. ദൈവത്തെ മനുഷ്യൻ കീഴ്പ്പെടണം, ദൈവത്തെ മനുഷ്യൻ അനുസരിക്കണം, ആ മാതൃക ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ പ്രകടിപ്പിച്ചു. അതുകൂടാതെ മനുഷ്യനുവേണ്ടി വാദിക്കുന്നതും മരണസമയത്ത് പാപിയുടെ പകരക്കാരനായി വേദനകൊണ്ട് നിലവിളിക്കുന്ന പാപവാഹകനുമായിട്ടാണ് നാം ക്രിസ്തുവിനെ ദർശിക്കുന്നത്. ആ ഒരു വശം കൊണ്ട് മാത്രം ക്രിസ്തുവിന്റെ താത്വിക നില വെളിപ്പെടുന്നില്ല. തത്വത്തിൽ താൻ ദൈവവും പാപിയുടെ പകരക്കാരനായി കഷ്ടാനുഭവങ്ങളാൽ കടന്നുപോകുന്ന നിലയിൽ മനുഷ്യനുമാണ്. ക്രിസ്തുവിന്റെ ഈ ഇരു സവിശേഷതകളെയും ഉൾക്കൊള്ളുവാൻ കഴിയാത്തവർ ക്രിസ്ത്യാനികളല്ല.

## യേശുക്രിസ്തുവിന്റെ മനുഷ്യത്വം

മനുഷ്യത്വത്തിൽ ക്രിസ്തുവിനെ പൂർണ്ണമനുഷ്യനും, ഏക മനുഷ്യനുമായാണ് നാം കാണുന്നത്. ആദാമ്യ പരമ്പരയിൽപ്പെട്ട മനുഷ്യവർഗ്ഗം ഒന്നാകെ പാപികൾ ആയിരിക്കുമ്പോൾ യേശുക്രിസ്തു മാത്രം 'പാപം അറിയാത്ത' 'പാപം ചെയ്യാത്ത' 'പാപം ഇല്ലാത്ത' ഏക മനുഷ്യൻ ആയിരിക്കുന്നു. പാപം ചെയ്യാമായിരുന്നിട്ടും ചെയ്തിട്ടില്ലാത്ത ഒരു രക്ഷകൻ അല്ല ക്രിസ്തു. അങ്ങനെയെങ്കിൽ രക്ഷകന്റെ യോഗ്യതയിൽ താൻ തികവുള്ളവനാകുമായിരുന്നില്ല. പാപത്തിന്റെ ആന്തരികവും ബാഹ്യവുമായ എല്ലാ കണികളിൽ നിന്നും താൻ ഒഴിവുള്ളവനായിരുന്നു. കാരണം ആദാമ്യ പരമ്പരയിൽ പെട്ടവ

നാകാതെ പരിശുദ്ധാത്മാവിനാൽ ജനനം ചെയ്ത ഏക മനുഷ്യനാണ് ക്രിസ്തു. 'പാപം ഒഴികെ' സാധാരണ മനുഷ്യന്റെ പരിമിതികളിലേക്ക് ക്രിസ്തു സ്വയം താഴ്ന്നിറങ്ങി. വിശന്നും, ദാഹിച്ചും, ക്ഷീണിച്ചും, രോഗം ശീലിച്ചവനും, ദാരിദ്ര്യം അനുഭവിച്ചവനുമായ യേശുക്രിസ്തുവിനെയാണ് നാം സുവിശേഷങ്ങളിൽ കാണുന്നത്. പൂർണ്ണ മനുഷ്യൻ എന്ന നിലയിൽ ക്രിസ്തു നിസ്തുലനായിരുന്നു.

1 പരിശുദ്ധാത്മാവിനാലുള്ള ജനനം (മത്തായി 1:18)

2 പാപം ഒഴികെ സർവ്വത്തിലും പരീക്ഷിക്കപ്പെട്ടവൻ. (എബ്രായർ 4:15)

3 'ഏക മനുഷ്യൻ' എന്ന വിശേഷണം ക്രിസ്തുവിന് മാത്രം. (റോമർ 5:15)

4 'ഏകൻ' 'ഏകനീതി' 'ഏകന്റെ അനുസരണം' എന്നീ പ്രത്യേകതകൾ ക്രിസ്തുവിനു മാത്രം. (റോമർ 5:19)

5 ക്രിസ്തു മാത്രം ഏക മദ്ധ്യസ്ഥൻ. (1 തിമൊഥെയൊസ് 2:5,6)

6 ക്രിസ്തുവിന്റെ യാഗം ഏക യാഗം'. (എബ്രായർ 10:12)

7 ക്രിസ്തു മാത്രം ഒടുക്കത്തെ ആദാമെന്ന ജീവിപ്പിക്കുന്ന ആത്മാവ്. (1 കൊരിന്ത്യർ 14:45)

8 ക്രിസ്തു മാത്രം രണ്ടാം മനുഷ്യനായി സ്വർഗ്ഗത്തിൽ നിന്നു വന്നവൻ. (1 കൊരിന്ത്യർ 15:47)

ഒന്നാം മനുഷ്യനായ ആദാമിൽ സർവ്വമാനവ ജാതിയും ഉൾപ്പെട്ടിരിക്കുമ്പോൾ ക്രിസ്തു അതിൽ നിന്നും വിഭിന്നനായി രണ്ടാം മനുഷ്യനായ ഏക മനുഷ്യൻ എന്ന സ്ഥാനത്തു നില്ക്കുന്നു. മനുഷ്യത്വത്തിലുള്ള ക്രിസ്തുവിൻെറ ഈ വിധ നിസ്തുല്യത അവർണ്ണനീയമാണ്. പൂർണ്ണ മനുഷ്യനും, ഏക മനുഷ്യനും എന്ന നിലയിൽ സർവ്വസൃഷ്ടിയുടെ ആരംഭവും, കാരണഭൂതനുമായും ഏകജാതനായ പുത്രൻ എന്ന നിലയിൽ ദൈവത്തിൻെറ സർവ്വസമ്പൂർണ്ണതയും ദേഹരൂപത്തിൽ വെളിപ്പെടുത്തിയവനായും (കൊലൊസ്യർ 1:15;2:9) കാണുന്നു. അതിനാൽ മനുഷ്യൻെറ വീണ്ടെടുപ്പിൻെറ എല്ലാവശങ്ങളുടെയും നിദാനം എന്ന നിലയിൽ മനുഷ്യത്വത്തിലുള്ള പൂർണ്ണത ക്രിസ്തുവിലുള്ളതിനാലാണ് വചനം ക്രിസ്തുവിനെ ആദ്യജാതൻ, ആദ്യഫലം, ഏകജാതൻ, സർവ്വത്തിൻെറയും ആരംഭം, കാരണഭൂതൻ എന്നീ നിലകളിൽ വിശേഷിപ്പിക്കുന്നത്.

## യേശുക്രിസ്തുവിൻെറ ദൈവത്വം (1)
## (തിരുവെഴുത്തുകളുടെ സാക്ഷ്യം)

പാപിയുടെ പകരക്കാരനെന്ന നിലയിൽ ക്രിസ്തു ഉദ്ധരിച്ചിട്ടുള്ള താഴ്മയുടെയും ബലഹീനതയുടെയും വാക്കുകൾ മാത്രം ഉയർത്തിക്കാട്ടി ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കുന്നത് വചനത്തോടുള്ള നീതി പുലർത്തലല്ല. പൂർണ്ണ മനു

ഷ്യനായിരിക്കുമ്പോഴും തന്നെ ക്രിസ്തു പൂർണ്ണ ദൈവവുമാകുന്നു എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത്. ക്രിസ്തുവിൻെറ ദൈവത്വത്തെ വിരോധീകരിക്കുന്ന ഓരോ വാക്യങ്ങളിലും പിതാവിനോടുള്ള സമത്വവും, ഏകീഭാവും അന്തർലീനമാണ്.

1 യേശുക്രിസ്തുവിൻെറ ജനനത്തെക്കുറിച്ച്, അതിന് 700 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ച യെശയ്യാവിൻെറ പ്രവചനത്തിൽ: ''നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നല്കപ്പെട്ടുമിരിക്കുന്നു. ആധിപത്യം അവൻെറ തോളിൽ ഇരിക്കും; അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധനപ്രഭു എന്ന് പേർ വിളിക്കപ്പെടും'' (9:6) പിതാവാം ദൈവത്തോളുള്ള സമത്വം 'വീരനാം ദൈവം' 'നിത്യപിതാവ്.' എന്നീ നാമങ്ങളിൽ ഉൾകൊണ്ടിരിക്കുന്നു. യേശുക്രിസ്തു 'വീരനാം ദൈവവും', നിത്യപിതാവും അല്ലായിരുന്നുവെങ്കിൽ അങ്ങനെ വിളിക്കപ്പെടുകയില്ലായിരുന്നു. ആകയാൽ യേശുക്രിസ്തു സാക്ഷാൽ ദൈവമത്രെ.

2 മത്തായി സുവിശേഷത്തിൽ: 'അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേർ വിളിക്കും.' (1:22) എന്ന് കാണുന്നതിൽ ക്രിസ്തു കേവലം ദൂതനൊ, മനുഷ്യനൊ ആയിരുന്നുവെങ്കിൽ 'ദൂതൻ നമ്മോടു കൂടെ എന്നും' മനുഷ്യൻ നമ്മോടുകൂടെ എന്നും

മാത്രമെ രേഖപ്പെടുത്തുമായിരിന്നുള്ളു. എന്നാൽ ദൈവമായതിനാൽ "ദൈവം നമ്മോടുകൂടെ എന്ന്" വിശേഷിപ്പിച്ചിരിക്കുന്നു.

3 മർക്കോസിൻെറ സുവിശേഷത്തിൽ - "യിസ്രായേലെ കേൾക്ക; നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്" (12:29) ഈ ഏക കർത്താവും യേശുക്രിസ്തു ആണെന്ന് ലേഖനത്തിലൂടെ പരിശുദ്ധാത്മാവ് പറയുന്നു - 'യേശു ക്രിസ്തു എന്ന ഏക കർത്താവും നമുക്ക് ഉണ്ട്" (1 കൊരിന്ത്യർ 8:6) ഏക കർത്താവ് എന്നീ രണ്ടു ഭാഗങ്ങളിലും കാണുന്നതിനാൽ രണ്ടു കർത്താക്കന്മാർ ഇല്ലെന്നുള്ളത് നിസ്തർക്കമാണല്ലൊ. ആകയാൽ പുത്രന് പിതാവിനോട് സമത്വം ഉണ്ട്. പിതാവും പുത്രനും ഒന്നത്രെ (യോഹന്നാൻ 10:30)

4 ലൂക്കോസിൻെറ സുവിശേഷത്തിൽ-തന്നെ പരീക്ഷിച്ച പിശാചിനെ "നിൻെറ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്'" (4:12) എന്നുള്ള വചനത്താൽ ശാസിക്കയാൽ പിതൃ–പുത്ര സമത്വം വ്യക്തമാകുന്നു.

5 യോഹന്നാൻെറ സുവിശേഷത്തിൽ – "വചനം ദൈവമായിരുന്നു" (1:1) ആകയാൽ ആദിയിൽ ദൈവത്തോടുകൂടെ ദൈവമായിരുന്നവൻ എന്ന നിലയിൽ ക്രിസ്തുവിൻെറ ദൈവ സമത്വവും ദൈവിക ഏകത്വത്തിലെ കൂട്ടായ്മയും വ്യക്തമാകുന്നു.

6 യേശുക്രിസ്തു തന്നെക്കുറിച്ചു തന്നെ ''ഞാനും പിതാവും ഒന്നാകുന്നു'' (യോഹന്നാൻ 10:30) എന്നരുളിച്ചെയ്തു. ഈ വാക്കുകേട്ട യഹൂദന്മാർ ക്രിസ്തുവിനെ ഉപദ്രവിക്കുവാൻ തുനിയുകയും ''നിന്നെ തന്നെ ദൈവം ആക്കുന്നതു കൊണ്ടത്രെ ഞങ്ങൾ കല്ലെറിയുന്നത്'' (യോഹന്നാൻ (10:33) എന്ന് പറയുകയും ചെയ്തിട്ടും ക്രിസ്തു ആ പ്രസ്താവന നിഷേധിക്കയല്ല താൻ ദൈവപുത്രൻ എന്ന് ആവർത്തിച്ചു പ്രഖ്യാപിക്കയാണുണ്ടായത്. ആയതിനാൽ ഐഹിക ജീവിത കാലത്ത് താൻ ദൈവമാണെന്ന സാക്ഷ്യം ക്രിസ്തു ഉയർത്തിക്കാട്ടി. 'ദൈവപുത്രൻ' സത്യദൈവം തന്നെ എന്ന് തിരുവെഴുത്ത് സ്ഥിരീകരിക്കുന്നു. (1 യോഹന്നാൻ 4:20).

7 'യേശുക്രിസ്തു' തന്നെത്താൻ ദൈവത്തോട് സമമാക്കി (യോഹന്നാൻ 5:18) എന്ന യഹൂദ ആരോപണത്തെ ക്രിസ്തു നിഷേധിക്കയല്ല ശരിവെക്കയാണുണ്ടായത്.

8 ദൈവത്വത്തോടുള്ള ബന്ധത്തിൽ ക്രിസ്തുവിൻെറ അവകാശവാദങ്ങൾ ക്രിസ്തുവിൻെറ ദൈവത്വത്തിൻെറ സ്ഥിരീകരണം നല്കുന്നതാണ്. 'ഞാനും പിതാവും ഒന്നാകുന്നു' (യോഹന്നാൻ 10:30) 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' (യോഹന്നാൻ 14:9) 'ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു' (യോഹന്നാൻ 14:11) 'പിതാവിനുള്ളതൊക്കെയും എനിക്കുള്ളത്'' (യോഹന്നാൻ 16:15)

അതിനാൽ ക്രിസ്തുവിലാണ് ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. (കൊലൊസ്യർ 2:9) ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. എന്നാൽ ദൈവത്തിന്റെ ആത്മസ്വരൂപത്തിന്റെ സർവ്വ സമ്പൂർണ്ണത ദേഹരൂപമായി വസിക്കുന്ന പുത്രൻ ദൈവത്തെ വെളിപ്പെടുത്തി (യോഹന്നാൻ 1:18) ദൈവത്തിനു മാത്രമെ ദൈവത്തെ വെളിപ്പെടുത്താൻ സാധിക്കയുള്ളു. അതിനാൽ പിതാവും, പുത്രനും ഒന്നാകുന്നു.

9 തോമസ് അപ്പൊസ്തലൻ യേശുവിനെ 'എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളൊവെ' (യോഹന്നാൻ 20:28) എന്ന് സംബോധന ചെയ്തിരിക്കുന്നു. ഏക ദൈവ വിശ്വാസിയായ ഒരു യഹൂദനും യാഥാർത്ഥ്യ ബോധത്തോടു കൂടിയല്ലാതെ അങ്ങനെ വിളിപ്പാൻ ധൈര്യം കാണിക്കില്ല. പഴയനിയമ പ്രവാചകന്മാരേക്കാൾ വലിയ വീര്യ പ്രവൃത്തി കാണിക്കുന്ന ഒരു പ്രവാചകൻ വന്നാലും ഒരു യഹൂദൻ ബഹുമാന പുരസ്സരം പോലും ആ വ്യക്തിയെ 'ദൈവമെ' എന്ന് സംബോധന ചെയ്കയില്ല. അങ്ങനെ ഉച്ചരിച്ചാൽ അത് ശിക്ഷായോഗ്യമായിരിക്കെ തോമസ്സിന്റെ അഭിസംബോധനയെ ക്രിസ്തു സ്വീകരിക്കുന്നതായാണ് കാണുന്നത്. തോമസ്സ് അപ്പൊസ്തലൻ ജഡനേത്രങ്ങൾ കൊണ്ട് ആണി പഴുതുകളുള്ള ക്രിസ്തുവെന്ന മനുഷ്യനെ കണ്ടു. എന്നാൽ ആത്മ ദൃഷ്ടിയാൽ ക്രിസ്തുവെന്ന ദൈവത്തെ ദർശിച്ചു.

10 അപ്പൊസ്തല പ്രവൃത്തിയിൽ-ക്രിസ്തുവിനെ പരിശുദ്ധൻ എന്ന് ദൈവിക അഭിസംബോധന ചെയ്തിരിക്കുന്നു. (3:14) വചനത്തിൽ ദൈവത്തെ മാത്രമെ പരിശുദ്ധൻ എന്ന് വിളിച്ചിട്ടുള്ളു.

11 അപ്പൊസ്തല പ്രവൃത്തിയിൽ സെതഫനൊസ് മരണസമയത്ത് ദൈവത്തെ വിളിക്കേണ്ടതായിരുന്ന ഘട്ടത്തിൽ ക്രിസ്തുവിനെ വിളിക്കുന്നു. ദൈവകരങ്ങളിൽ ആത്മാവ് ഭരമേൽപിക്കപ്പെടേണ്ടതിന് തുല്ല്യമായി ക്രിസ്തുവിൻെറ കരങ്ങളിൽ തന്നെ ഭരമേൽപിക്കുന്നു. (7:59) ക്രിസ്തുവിൻെറ ദൈവ സമത്വത്തിൽ അപ്പൊസ്തലന്മാർ അടിയുറച്ചു വിശ്വസിച്ചിരുന്നു.

12 റോമാലേഖനത്തിൽ – ''അവൻ സർവ്വത്തിനും മീതേ ദൈവമായി എന്നന്നേക്കും വാഴ്ത്തപ്പെട്ടവൻ'' (9:5) വിശദീകരണം ആവശ്യമില്ലാത്ത വണ്ണം ക്രിസ്തുവിൻെറ ദൈവത്വത്തെ ഇവിടെ വർണ്ണിച്ചിരിക്കുന്നു.

13 കൊരിന്ത്യലേഖനത്തിൽ - ''ദൈവപ്രതിമയായ ക്രിസ്തു'' (4:4) (2) സാക്ഷാൽ ദൈവമായ ക്രിസ്തു ദേഹരൂപത്തിൽ ദൈവത്തിൻെറ സ്വരൂപം ആയിരുന്നു.

14 ഗലാത്യലേഖനത്തിൽ -മനുഷ്യരെയല്ല ക്രിസ്തു എന്ന ദൈവത്തെയാണ് വിശ്വാസി പ്രസാദിപ്പിക്കേണ്ടതെന്ന് എഴുതിയിരിക്കുന്നു. (1:10)

15 എഫെസ്യലേഖനത്തിൽ-ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നതും സേവിക്കുന്നതും അനുസരിക്കുന്നതും മനുഷ്യരോട് ചെയ്യുന്നതിന് തുല്ല്യമായിട്ടില്ല പകരം ദൈവത്തെയാണ് പ്രസാദിപ്പിക്കുന്നതും, സേവിക്കുന്നതും, അനുസരിക്കുന്നതുമാണെന്ന് കാണുന്നു. (6:6,7). ദൈവത്തെ പ്രസാദിപ്പിക്കുന്നതിന് തുല്ല്യമായി ദൂതനെയൊ, മനുഷ്യനെയൊ പ്രസാദിപ്പിപ്പാൻ വചനം അനുവദിക്കാതിരിക്കെ ക്രിസ്തു ദൈവമായിരിക്കയലാണ് ക്രിസ്തുവിനെ ആ നിലയിൽ പ്രസാദിപ്പിക്കണം എന്ന് എഴുതിയിരിക്കുന്നത്.

16 ഫിലിപ്പ്യലേഖനത്തിൽ – ''അവൻ ദൈവ രൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്ന് വിചാരിക്കാതെ....'' (2:6) ക്രിസ്തുവിൻെറ ദൈവരൂപം ദൈവത്തോടുള്ള സമത്വം ഇവ രണ്ടും ഈ വാകൃത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ പൂർവ്വാസ്തികൃത്തിൻെറ ശക്തമായ തെളിവായ ഈ വാകൃത്തിൽ യേശുക്രിസ്തു ദൂതന്മാരേക്കാൾ ഉയർന്നും എന്നാൽ പിതാവാം ദൈവത്തിൽ നിന്നും ഒരു പടി താണുമാണെന്നുള്ള വാദത്തിനായുള്ള മറുപടിയാണ്. പിതാവാം ദൈവത്തിൽ നിന്നും ഒരു കണികയെങ്കിലും താഴെയാണ് ക്രിസ്തുവിൻെറ സ്ഥാനമെങ്കിൽ തിരുവെഴുത്തിൽ അങ്ങനെ മാത്രമെ എഴുതുകയുണ്ടാകയുള്ളു. മറിച്ച് പുത്രൻ ദൈവത്വത്തിൽ പിതാവിനോട് സമത്വമുള്ളവനാണെന്നതിന് വിഭിന്ന

മായി ഒരു സൂചനയും ബൈബിളിലില്ല. ക്രി
സ്തുവിന് ദൈവസമത്വമുള്ളതിനാൽ സമത്വ
മുണ്ടെന്നുതന്നെ സത്യവചനം സാക്ഷിക്കുന്നു.

17 കൊലൊസ്യലേഖനത്തിൽ-''അവനിലല്ലോ ദൈ
വത്തിൻെറ സർവ്വ സമ്പൂർണ്ണതയും ദേഹരൂപ
മായി വസിക്കുന്നത്'' (2:9) സുവിശേഷത്തിൽ
ക്രിസ്തുവിൻെറ മൊഴിയും ഈ സത്യത്തെ
വ്യക്തമാക്കുന്നതത്രെ–'എന്നെ കണ്ടവൻ പിതാ
വിനെ കണ്ടിരിക്കുന്നു.'

18 തിത്തോസിൻെറ ലേഖനത്തിൽ-''നാം ഭാഗ്യകര
മായ പ്രത്യാശക്കായിട്ടും മഹാദൈവവും നമ്മുടെ
രക്ഷിതാവുമായ യേശുക്രിസ്തുവിൻെറ പ്രത്യ
ക്ഷതക്കായിട്ടും കാത്തുകൊണ്ട്.'' (2:12)

ക്രിസ്തുവിനെ ദൈവമെന്നല്ല മഹാദൈവം എന്ന് വിശേഷിപ്പിച്ചാണ് അർത്ഥശങ്കക്കിടയില്ലാത്തവണ്ണം ക്രിസ്തുവിൻെറ ദൈവത്വത്തെ വചനം ഉറപ്പിക്കുന്നത്. ത്രിത്വ നിഷേധികൾ ഈ വാക്യത്തെ ''മഹാദൈവത്തിൻെറയും, നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിൻെറയും, പ്രത്യക്ഷതക്കായിട്ട്..'' എന്ന് തിരുത്തിയിട്ടുണ്ട്. എന്നാൽ പുനരാഗമനോപദേശം വിശദീകരിക്കുമ്പോഴെല്ലാം തന്നെ പിതാവാം ദൈവത്തിൻെറ വീണ്ടും വരവെന്നല്ല കർത്താവായ യേശുക്രിസ്തുവിൻെറ വീണ്ടും വരവെന്നാണ് പറഞ്ഞിരിക്കുന്നത്, അതിനാൽ ആ വചന തിരുത്തലിലൂടെയും ത്രിത്വനിഷേധികൾ ഭയങ്കരമാംവണ്ണം തെററിപോയിരിക്കുന്നു. അതിനാൽ പൗലൊസ്

ക്രിസ്തുവിനെ മഹാദൈവമായി വിശേഷിപ്പിക്കുമ്പോൾ ക്രിസ്തുവിന്റെ ദൈവത്വവും ദൈവത്തോടുള്ള സമത്വവും ഉറപ്പിക്കുന്നു.

19 എബ്രായലേഖനത്തിൽ – യേശുക്രിസ്തുവിന്റെ ദൈവത്വത്തിന്റെ മഹത്വം ഉജ്ജ്വലമായി ചിത്രീകരിച്ചിരിക്കുന്നു. യേശുക്രിസ്തു വെറും മനുഷ്യൻ മാത്രമാണെന്നും, ദൂതനാണെന്നും മാററി മാററി പറയുന്നവർക്കുള്ള ശക്തമായ താക്കീതാണിഭാഗങ്ങൾ. അവിടെ ക്രിസ്തുവിന്റെ ഔന്നത്യത്തിന്റെയും, ദൈവദൂതന്മാരേക്കാളുള്ള ഉയർച്ചയുടെയും പടികൾ വർണ്ണിച്ച് അത് കൊണ്ടവസാനിപ്പിക്കുന്നത് ദൈവത്തോടുള്ള സമത്വത്തിലാണ്. ''ഞാൻ അവന് പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും എന്ന് ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പൊഴും അരുളിചെയ്തിട്ടുണ്ടോ?'' (1:5) 8-ാം വാക്യത്തിൽ പിതാവാം ദൈവം പുത്രനെ 'ദൈവമെ എന്ന് അഭിസംബോധന ചെയ്തിരിക്കുന്നു. ''പുത്രനോടൊ', 'ദൈവമെ നിന്റെ സിംഹാസനം എന്നുമെന്നേക്കുമുള്ളത്....'' എബ്രായ ലേഖനത്തിന്റെ ആദ്യ അദ്ധ്യായം 14 വരെയുള്ള വാക്യങ്ങളിൽ ദൂതന്മാർ കേവലം സേവകാത്മാക്കൾ ആണെന്നും എന്നാൽ ക്രിസ്തു ദൈവം തന്നെ എന്നും സ്ഥാപിച്ചിരിക്കുന്നു. 45-ാം സങ്കീർത്തനത്തിൽ നിന്നുള്ള ഈ ഉദ്ധരണി ആവർത്തിക്കുന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നതും എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവത്തിന്റെ വചനവും ആകുന്നു.

20 യോഹന്നാൻെറ ഒന്നാം ലേഖനത്തിൽ-"ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിവാൻ നമുക്ക് വിവേകം തന്നു എന്നും നാം അറിയുന്നു; നാം സത്യദൈവത്തിൽ അവൻെറ പുത്രനായ യേശുക്രിസ്തുവിൽ തന്നേ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു. (5:20) ഇവിടെ രണ്ട് കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഒന്ന് യേശുക്രിസ്തു സത്യദൈവം തന്നെ. രണ്ട് പിതാവിനെയും പുത്രനെയും സത്യദൈവം എന്ന് വിളിച്ചിരിക്കുന്നതിനാൽ ക്രിസ്തുവിന് പിതാവിനോട് സമത്വം ഉണ്ട്.

"ഏക സത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു." എന്ന യോഹന്നാൻെറ സുവിശേഷത്തിലെ ക്രിസ്തുവചനത്തിലെ ആശയം തന്നെയാണ് ഇവിടെയും. ഏകസത്യദൈവവും യേശുക്രിസ്തുവും ഒന്നാണെന്ന് വിശ്വസിക്കാത്തവന് നിത്യജീവൻ ഇല്ല എന്നും ഈ ഭാഗം ഭയനിർദ്ദേശം നല്കുന്നു. യേശുക്രിസ്തു സത്യദൈവവും നിത്യജീവനും ആകയാൽ ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കുന്നവന് നിത്യജീവൻ ഇല്ല. ഒരുവൻ ക്രിസ്തുവിനെ അറിയുന്നെങ്കിൽ മാത്രമെ പിതാവാം ദൈവത്തെ അറിയുന്നുള്ളു. (യോഹന്നാൻ 14:7) ദൈവ സഭ പണിയപ്പെടുന്നതുതന്നെ 'യേശുക്രിസ്തുവിൻെറ ദൈവത്വം' എന്ന വിശ്വാസാടിസ്ഥാനത്തിന്മേലാണ്.

21 വെളിപ്പാട് പുസ്തകത്തിൽ-ക്രിസ്തുവിന്റെ ദൈവത്വത്തിന്റെ മഹത്വ പൂർണ്ണമായ ദർശനം ഉണ്ട്. യേശുക്രിസ്തുവിന്റെ വെളിപ്പാട് എന്നാരംഭിക്കുന്ന ഒന്നാം അദ്ധ്യായത്തിന്റെ 8-ാം വാക്യത്തിൽ ''ഞാൻ അല്ഫയും ഒമേഗയും ആകുന്നു എന്ന് ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു.'' ഇവിടെ സർവ്വ ശക്തനായ ദൈവം എന്ന് ക്രിസ്തു തന്നെക്കു റിച്ച് തന്നേ പ്രസ്താവിച്ചിരിക്കുന്നു.

യേശുക്രിസ്തു താൻ ദൈവമാണെന്ന് സ്വയ മായി അവകാശവാദം ചെയ്തിട്ടില്ല എന്ന് വിമർശി ക്കുന്നവർക്കുള്ള മറുപടിയാണ് ഈ വാക്യം. സുവി ശേഷങ്ങളിൽ കാണുന്ന ക്രിസ്തുവിൽ, പാപിയുടെ പകരക്കാരനായി, ലോകത്തിന്റെ പാപം ചുമൊ ന്നൊഴിക്കുവാൻ സ്വയം യാഗമായി തീരുന്നതിന് സന്നദ്ധമായി നില്ക്കുന്ന സൗമ്യനായ കുഞ്ഞാടി ന്റെ സ്വഭാവമാണ് ചിത്രീകരിക്കുന്നത്. എന്നാൽ വെളിപ്പാട് പുസ്തകം ക്രിസ്തുവിന്റെ ദൈവത്വ ത്തിന്റെ തേജസ്സിനാൽ പ്രഭാപൂരിതമായിരിക്കുന്നു. അവൻ സർവ്വശക്തനായ ദൈവമത്രെ. ആമേൻ.

വെളിപ്പാട് പുസ്തകത്തിൽ തന്നെ ക്രിസ്തു വിന്റെ ദൈവത്വം പ്രദർശിപ്പിക്കപ്പെടുന്ന മറ്റൊരു ഭാഗമുണ്ട്. ''സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹ ത്വവും ബലവും എന്നന്നേക്കും ഉണ്ടാകട്ടെ എന്നത്രെ വാഴ്ത്തുന്നത്. (5:13) സിംഹാസനത്തിൽ ഇരിക്കു

ന്നവനും, കുഞ്ഞാടിനും സമത്വം കല്പിച്ചിരിക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്ക് കീഴിലും, സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും പിതാവാം ദൈവത്തേയും, കുഞ്ഞാടായ പുത്രനാം ദൈവത്തേയും വണങ്ങി നമസ്കരിക്കേണം. ആരെയും ഒഴിവാക്കിയിട്ടില്ല.

വെളിപ്പാട് പുസ്തകം, സ്വർഗ്ഗീയ ആരാധനയിൽ പിതാവിനും പുത്രനും സമത്വം ഉണ്ടെന്നും (5:13) സ്വർഗ്ഗീയ സ്ഥാനത്തിൽ പിതാവിനും പുത്രനും സമത്വം ഉണ്ടെന്നും, (3:21) രക്ഷദാനം ചെയ്യുന്ന പദവിയിൽ പിതാവിനും പുത്രനും സമത്വം ഉണ്ടെന്നും (7:10) പഠിപ്പിക്കുന്നു.

## യേശുക്രിസ്തുവിന്റെ ദൈവത്വം (II)
## (ക്രിസ്തുവിൽ ദൈവിക ലക്ഷണങ്ങൾ)

യേശുക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവർ പറയുന്ന വ്യാജമായ മറുന്യായം–മോശെയെ അഹരോന് ദൈവം എന്ന് പുറപ്പാട് പുസ്തകത്തിലും പിശാചിനെ ഈ ലോകത്തിന്റെ ദൈവം എന്ന് കൊരിന്ത്യലേഖനത്തിലും രേഖപ്പെടുത്തിയിട്ടുള്ളതുപോലൊരു വിശേഷണം മാത്രമാണ് ബൈബിളിൽ ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള സൂചനകൾ എന്നാണ്. തങ്ങളുടെ വാദം അവതരിപ്പിക്കുവാൻ ഏത് നിന്ദ്യമായ ന്യായവും ത്രിത്വനിഷേധികൾ ഉന്നയിക്കും എന്നതിന്റെ തെളിവാണ് ഇത്. പിശാചിനെ ഈ ലോകത്തിന്റെ ദൈവം എന്നു പറയുമ്പോൾ ദുഷ്ടതയുടെ അധികാരി എന്നും

മോശെക്ക് അഹറോന്റെ മേൽ യിസ്രായേലിന്റെ വിമോചന ശുശ്രൂഷയുടെമേൽ അധികാരം കൊടുത്തു എന്നർത്ഥത്തിലുമല്ലാതെ മോശെയെ ദൈവമായി ആ കാലത്തിലും പിന്നീടും ആരും കണക്കാക്കിയിട്ടില്ല. അങ്ങനെ ഗണിച്ചിരുന്നുവെങ്കിൽ അത് ശിക്ഷായോഗ്യവുമായിരിക്കുമായിരുന്നു.

എന്നാൽ ക്രിസ്തുവിൽ ദൈവിക ലക്ഷണങ്ങളായ സ്വയംഭൂത്വം, സർവ്വവ്യാപിത്വം, സർവ്വജ്ഞത, സർവ്വശക്തി, അനന്യത, സൃഷ്ടി, പരിശുദ്ധി, സത്യം, സ്നേഹം, നീതി, ജ്ഞാനം, കൃപ ഇവ ദർശിക്കുന്നു.

1 യേശുക്രിസ്തു സ്വയംഭൂവായ ദൈവം:-

''പിതാവിനെപോലെ പുത്രനും തന്നിൽ തന്നേ ജീവൻ ഉണ്ടാകുമാറ് വരം ലഭിച്ചിരിക്കുന്നു.'' (യോഹന്നാൻ 5:26)

''ആദിയിൽ വചനം ഉണ്ടായിരിന്നു.'' (യോഹന്നാൻ 1:1)

''അവനിൽ ജീവൻ ഉണ്ടായിരുന്നു.'' (യോഹന്നാൻ 1:4)

2 യേശുക്രിസ്തു നിത്യനായ ദൈവം-

''വചനം ദൈവത്തോടുകൂടെ ആയിരുന്നു'' (യോഹന്നാൻ 1:1)

വചനം ദൈവം ആയിരുന്നുവെന്ന് അടുത്ത ഭാഗത്ത് കാണുന്നതിൽ നിന്നും പിതാവാം ദൈവം ഉള്ളിടത്തോളം പുത്രനാം ദൈവവും ഉണ്ടെന്ന് തെളിയുന്നു. അത് നിത്യത മുഴുവനും ആയിരിക്കും.

''അവൻ അവന്റെ തേജസ്സിന്റെ പ്രഭ'' എന്ന് എബ്രായ ലേഖനത്തിൽ (1:3) എഴുതിയിരിക്കുന്നതിൽ നിന്നും ക്രിസ്തുവിന്റെ നിത്യത്വം തെളിവാകുന്നുണ്ട്. സൂര്യനിൽ നിന്നും സൂര്യകിരണത്തെ വേർതിരിപ്പാൻ കഴികയില്ല. സൂര്യൻ ഉള്ളിടത്തോളം സൂര്യതേജസ്സിന്റെ പ്രഭയും ഉണ്ടായിരിക്കും. ദൈവതേജസ്സിന്റെ പ്രഭയാണ് ക്രിസ്തു. ദൈവത്തിൽ നിന്നും ക്രിസ്തുവിനെ വേർതിരിക്കുവാൻ കഴികയില്ല എന്ന് അർത്ഥം. ദൈവം ഉള്ളിടത്തോളം ക്രിസ്തുവും ഉണ്ടെന്ന് പറയുമ്പോൾ ദൈവത്തിന് അവസാനമില്ലാത്തതിനാൽ ക്രിസ്തുവിനും അവസാനം ഇല്ല എന്നാണാശയം. എന്നാൽ ദൈവതേജസ്സിന്റെ കേവലം പ്രഭ മാത്രമാണ് ക്രിസ്തു എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ തൊട്ടടുത്ത ഭാഗം അതിന് മറുപടിയാണ്-അവൻ ''തത്വത്തിന്റെ മുദ്രയും'' ആകുന്നു. (1:3)

''ലോകം ഉണ്ടാകും മുമ്പേ എനിക്ക് നിന്റെ അടുക്കൽ ഉണ്ടായിരുന്ന മഹത്വം'' (യോഹന്നാൻ 17:5), ''അബ്രഹാം ജനിച്ചതിന് മുൻപേ ഞാനുണ്ട്'' (യോഹന്നാൻ 8:58), ''ഞാൻ അല്ഫയും ഒമേഗയും ആദിയും അന്തവും ആകുന്നു'' (വെളിപ്പാട് 21:6), 'നിത്യപിതാവ്' (യെശയ്യാവ് 9:6), 'അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും

തന്നേ' (മീഖ 5:2), 'അവൻ സർവ്വത്തിനും മുമ്പേ യുള്ളവൻ' (കൊലൊസ്യർ 1:17) 'നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല' (എബ്രായർ 1:12) എന്നീ ഭാഗങ്ങൾ എല്ലാം തന്നെ യേശുക്രിസ്തുവിന്റെ പൂർവ്വാസ്തിക്യം. നിത്യത്വം ഇവയുടെ തെളിവുകളാണ്.

3 യേശുക്രിസ്തു സർവ്വവ്യാപിയായ ദൈവം :-

'ഞാനോ എല്ലാനാളും നിങ്ങളോട് കൂടെ ഉണ്ട്'' (മത്തായി 28:20)

'രണ്ടോ മൂന്നോപേർ എന്റെ നാമത്തിൽ കൂടിവരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്'' (മത്തായി 18:20)

'ഈ വാക്യങ്ങളാൽ യേശുക്രിസ്തു സർവ്വവ്യാപിയായ ദൈവം ആണെന്ന് മനസ്സിലാകുന്നു. തന്നിൽ വിശ്വസിക്കുന്ന ഓരോ വിശ്വാസിയിലും ക്രിസ്തു വാസം ചെയ്യുന്നു എന്നുള്ളത് ഈ വിഷയത്തിൽ ശ്രദ്ധേയമാണ്. (2 കൊരിന്ത്യർ 13:5, യോഹന്നാൻ 14:23,)

4 യേശുക്രിസ്തു സർവ്വജ്ഞനായ ദൈവം :-

'എല്ലാററിലും എല്ലാം നിറക്കുന്നവന്റെ നിറവ് (എഫെസ്യർ 1:23).' 'അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങൾ ഒക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു' (കൊലൊസ്യർ 2:3) ഈ നിലയിൽ സർവ്വജ്ഞനായ ദൈവമായിട്ടാണ് ക്രിസ്തുവിനെ ബൈബിളിൽ കാണുന്നത്. അത് കൂടാതെ നിത്യജീവിതത്തിലും, വ്യക്തി ജീവിതത്തിലും

സകല രഹസ്യങ്ങളും അറിയുന്ന കർത്താവായിട്ട് നാല് സുവിശേഷങ്ങളും നിരവധി തെളിവുകൾ നിരത്തുന്നുണ്ട്. മത്തായി സുവിശേഷത്തിൽ-തന്നെ തള്ളി പറയുവാൻ പോകുന്ന പത്രോസിന്റെ ഹൃദയം അറിയുന്ന (26:34) മർക്കോസിൽ-തന്നെ പരീക്ഷിക്കുന്ന ശാസ്ത്രിമാരുടെ കപട ഹൃദയം അറിയുന്ന (2:8) ലൂക്കോസിൽ-പരീശന്മാരുടെ ചിന്തകളെ അറിയുന്ന (5:22) യോഹന്നാന്റെ സുവിശേഷത്തിൽ-നഥനയേലിന്റെ മുൻകാലം (1:48) ശമര്യ സ്ത്രീയുടെ ജീവിത രഹസ്യം (4:18), മനുഷ്യനിലുള്ളതെന്ത് എന്ന് അറിയുന്ന (2:23) സർവ്വജ്ഞനായ കർത്താവിനെയാണ് വരച്ചുകാട്ടിയിരിക്കുന്നത്. അതിനാലാണ് 'സകല ഹൃദയങ്ങളെയും അറിയുന്ന കർത്താവെ' എന്ന് അപ്പൊസ്തലന്മാർ പ്രാർത്ഥിച്ചത് അ. പ്രവൃത്തി 1:24) അവർ പിൻപററുന്ന ക്രിസ്തു സർവ്വജ്ഞനായ ദൈവമാണെന്ന വിശ്വാസം അവരെ ഭരിച്ചിരുന്നു. 'അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയും ഇല്ല. സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായി കിടക്കുന്നു. (എബ്രായർ 4:13).

5 യേശുക്രിസ്തു സർവ്വശക്തനായ ദൈവം :-

'സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരം' (മത്തായി 28:18).

'എന്റെ ജീവനെ കൊടുപ്പാനും അതിനെ തിരികെ പ്രാപിപ്പാനും എനിക്ക് അധികാരമുണ്ട്' (യോഹന്നാൻ 10:18).

ഈ നിലയിൽ സമ്പൂർണ്ണ അധികാരമുള്ള സർവ്വ ശക്തിയുള്ള ദൈവമായിട്ടാണ് വചനത്തിൽ ക്രിസ്തുവിനെ കാണുന്നത്. വീണ്ടുംവരുന്ന യേശു സർവ്വശക്തിയുള്ള ദൈവമായ കർത്താവാണെന്ന് വെളിപ്പാട് പുസ്തകത്തിൽ എഴുതിയിരിക്കുന്നു. (1:8,19:6) 'സകലത്തേയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവൻ' എന്ന വിശേഷണമാണ് എബ്രായ ലേഖനം നല്കുന്നത്. (1:3) മാത്രമല്ല പ്രപഞ്ചശക്തിയുടെമേൽ, പൈശാചിക ശക്തിയുടെ മേൽ, മരണത്തിന്റെ മേൽ തന്റെ ശക്തിയുള്ള വചനം പ്രയോഗിച്ച് അവയെ നിയന്ത്രിച്ചിട്ടുണ്ട്.

6 യേശുക്രിസ്തു അനന്യനായ ദൈവം:-

ദൈവിക ലക്ഷണമായ അനന്യത ക്രിസ്തുവിലുണ്ട്. 'നീയോ അനന്യൻ നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല' (എബ്രായർ 1:12,) 'യേശുക്രിസ്തു ഇന്നലേയും ഇന്നും എന്നന്നേക്കും അനന്യൻ തന്നെ (എബ്രായർ 13:8) ക്രിസ്തുസാക്ഷാൽ ദൈവമായിരിക്കയാൽ തന്റെ വാക്ക് മാററുന്നില്ല. 'ക്രിസ്തു ഒരിക്കൽ ഉവ്വു എന്നും മറെറാരിക്കൽ ഇല്ല എന്നും ആയിരുന്നില്ല. അവനിൽ ഉവ്വു എന്നത്രെയുള്ളു.' (2 കൊരിന്ത്യർ 1:19)

7 യേശുക്രിസ്തു സൃഷ്ടാവായ ദൈവം:-

ഒന്നുമില്ലായ്മയിൽ നിന്നും സൃഷ്ടിക്കുവാൻ ദൈവത്തിന് മാത്രമെ കഴികയുള്ളു. ഈ ദൈവിക ലക്ഷണവും ക്രിസ്തുവിൽ കാണുന്നുണ്ട്. സകലതും അവൻ മുഖാന്തരം ഉളവായി, സൃഷ്ടിക്കപ്പെട്ടു എന്നു പറയുന്ന വചനം തന്നെ 'കർത്താവെ

നി പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു ആകാശവും നിൻെറ കൈകളുടെ പ്രവൃത്തി ആകുന്നു' (എബ്രായർ 1:10) എന്ന് എഴുതി യേശുക്രിസ്തു സൃഷ്ടാവായ ദൈവം തന്നെ എന്ന് സ്ഥാപിച്ചിരിക്കുന്നു. മാത്രമല്ല തൻെറ ഐഹിക ജീവിതകാലത്ത് പ്രപഞ്ചശക്തികളെ തൻെറ വാക്കാൽ നിയന്ത്രിച്ച് സൃഷ്ടിയുടെമേലുള്ള അധികാരം വെളിപ്പെടുത്തി.

8 ദൈവിക ഗുണലക്ഷണങ്ങളായ ജ്ഞാനം, നീതി, വിശുദ്ധി, സ്നേഹം, കൃപ ഇവയുടെ സമ്പൂർണ്ണത ക്രിസ്തുവിലുണ്ട്.

9 ക്രിസ്തു ദൈവിക ബഹുമാനം സ്വീകരിക്കുന്നു. (യോഹന്നാൻ 5:22)

10 ക്രിസ്തു ദൈവിക ആരാധന സ്വീകരിക്കുന്നു. (ഫിലിപ്പ്യർ 2:11, എബ്രായർ 1:6,) വെളിപ്പാട് 5:8,12)

11 ക്രിസ്തു ദൈവമാകയാൽ മരിക്കുന്നവരുടെ ആത്മാവിനെ കൈകൊള്ളുന്നു. (അ. പ്രവൃത്തികൾ 7:59)

12 ക്രിസ്തു ദൈവമാകയാൽ പ്രാർത്ഥന കേൾക്കുന്നു. അ. പ്രവൃത്തികൾ 1:24, 7:59)

13 ക്രിസ്തു ദൈവമാകയാൽ മരിച്ചവരെ ഉയർപ്പിക്കുന്നു. (യോഹന്നാൻെറ 6:40)

14 ക്രിസ്തു ദൈവമാകയാൽ സർവ്വത്തെയും ന്യായം വിധിക്കുന്നു. (2 തിമൊഥെയൊസ് 4:1, യോഹന്നാൻ 5:22,23 യൂദ:15).

15 ക്രിസ്തു ദൈവമാകയാൽ നിത്യജീവന്റെ ദാതാവും സൂക്ഷിപ്പുകാരനുമാകുന്നു. 'ഞാൻ അവക്ക് നിത്യജീവന് കൊടുക്കുന്നു. അവ ഒരു നാളും നശിച്ചുപോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നും പിടിച്ച് പറിക്കയും ഇല്ല'. (യോഹന്നാൻ 10:28) ദൈവമാം ക്രിസ്തു നിത്യജീവൻ തന്നാൽ ആർക്കും അത് തന്റെ കൈയിൽ നിന്ന് പിടിച്ച് പറിക്കാൻ കഴികയില്ല. സാത്താനൊ മനുഷ്യനൊ അത് സാദ്ധ്യമാകയില്ല എന്നാണർത്ഥം.

അതിനാൽ ദൈവിക ലക്ഷണങ്ങളും ദൈവത്തിന്റെ ഗുണലക്ഷണങ്ങളും ക്രിസ്തുവിൽ ഉണ്ട് എന്നും മനുഷ്യനെ രക്ഷിക്കുവാൻ മറ്റൊരു മാർഗ്ഗവും ഇല്ലാതിരിക്കെ താൻ മനുഷ്യനായി വന്നതുകൊണ്ട് തന്റെ ദൈവത്വത്തിന് ഒരു കുറവും സംഭവിച്ചിട്ടില്ലെന്നുമുള്ളത് സത്യോപദേശം ആയിരിക്കുന്നു.

## യേശുക്രിസ്തുവിന്റെ ദൈവത്വം (III)
## ('യഹോവ' എന്ന നാമത്തിന്റെ സാക്ഷ്യം)

പഴയനിയമത്തിൽ കാണുന്ന ദൈവത്തിന്റെ പേരുകളം തന്നെ ഏകത്വത്തിൽ അന്തർലീനമായിരിക്കുന്ന ബഹുത്വം സൂചിപ്പിക്കുന്നതാണ്. പഴയനിയമത്തിൽ ദൈവത്തിന്റെ പേരുകളിൽ അധികം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത് 'യഹോവ' എന്ന നാമം ആണ്. ത്രിത്വവിശ്വാസത്തിന്റെ ഏററം ശക്തമായ തെളിവും ഈ നാമം തന്നെയാണ്. പിതാവായ ദൈവത്തിന്റെ പ്രവർത്തനത്തിൽ ഈ നാമം ഉപയോ

ഗിച്ചിരിക്കുന്നതിന് തുല്ല്യമായി ക്രിസ്തുവിനും ഈ നാമം തന്നെ ഉപയോഗിച്ചിരിക്കുന്നു, ആകയാൽ 'യഹോവ' എന്ന നാമം, പിതാവിൻെറയും പുത്രൻെറയും ദൈവിക സമത്വത്തിൻെറ ഏററം ശക്തമായ തെളിവാകുന്നു. ഏക ദൈവത്തിൻെറ മൂന്നു ആളത്വം എന്ന നിലയിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും തങ്ങളുടേതായ ശുശ്രൂഷ ചെയ്യുമ്പോഠം തന്നെ വേർതിരിക്കുവാൻ കഴിയാത്ത വിധത്തിൽ ഐക്യത്തിൽ തികഞ്ഞും ഇരിക്കുന്നു. ആലോചനയിൽ, അഭിപ്രായത്തിൽ, സാരാംശത്തിൽ പിതൃ-പുത്ര-പരിശുദ്ധാത്മാവ് ഒന്നത്രെ.

യെശയ്യാവ് 61:1-ൽ മാനവ വിമോചനത്തിനായി പിതാവിനാൽ അയക്കപ്പെടുന്ന പുത്രൻ എന്ന നിലയിലും യെശയ്യാവ് 53-ൽ 'അവൻ അവന് കഷ്ടം വരുത്തി,' 'അവനെ തകർത്തുകളവാൻ യഹോവക്ക് പ്രസാദം തോന്നി' എന്നീ ഭാഗങ്ങളിൽ 'യഹോവ' എന്ന നാമം പിതാവിനെക്കുറിക്കുന്നു. മനുഷ്യബുദ്ധിക്ക് മനസ്സിലാക്കുവാനും ഉഠംകൊള്ളുവാനും ബുദ്ധിമുട്ടുള്ള കാര്യമാണ് ആ വാക്യങ്ങളിലും, അതുപോലെ ക്രൂശിൽ കിടന്ന് യേശു 'എൻെറ ദൈവമെ, എൻെറ ദൈവമെ, നീ എന്നെ കൈവിട്ടതെന്ത്' എന്ന് ചോദിക്കുന്നതിലും എങ്കിലും പിതാവും, പുത്രനും ഒന്നാണെന്ന നിലയിൽ ദൈവം ദൈവത്തെ തകർത്തുകളഞ്ഞു എന്നും, ദൈവം ദൈവത്തെ കൈവിട്ടു എന്നുമാണ് ആ വാക്യങ്ങഠം വിശദീകരിക്കുമ്പോഠം മനസ്സിലാകുന്നത്. ആ വിശദീകരണത്തിൽ ഏകത്വവും, ബഹുത്വവുമുണ്ട്. ദൈവം ദൈവത്തെ തന്നെ കൈവിട്ടു എന്നതിലെ ഏകത്വ

ത്തിൽ മനുഷ്യന്റെ പാപത്തിന്റെ പ്രായശ്ചിത്തത്തിനായുള്ള വില ദൈവം തന്നെ ഏകനായി വഹിച്ചു എന്നും എന്നാൽ അത് മനുഷ്യന്റെ രക്ഷക്കായി പ്രാവർത്തികമാക്കിയത് പിതൃ-പുത്ര-പരിശുദ്ധാത്മാവെന്ന ത്രിത്വത്തിൽ കൂടിയാണ് എന്നും വ്യക്തമാകുന്നു. പിതാവ് രക്ഷ ഒരുക്കി, പുത്രൻ പ്രായശ്ചിത്തമായി തീർന്നു, പരിശുദ്ധാത്മാവ് അത് മനുഷ്യ ഹൃദയത്തിൽ അനുഭവമാക്കുന്നു.

ആകയാൽ 'യഹോവ' എന്ന നാമം പിതാവിനും, പുത്രനും ഒരുപോലെ യോജിക്കുന്നതായി തിരുവെഴുത്തിൽ കാണുന്നു. യഹോവയുടെ സാക്ഷികൾ എന്ന് പേരെടുത്തിട്ടുള്ളവർ ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുമ്പോൾ അറിഞ്ഞോ അറിയാതെയൊ യഹോവയുടെ ദൈവത്വത്തെയാണ് നിഷേധിക്കുന്നതെന്ന് ഭയത്തോടെ ഓർക്കേണ്ടതാണ്. 'യഹോവ' എന്ന നാമം പിതാവായ ദൈവത്തിനുള്ളതുപോലെ തന്നെ ക്രിസ്തുവിനും ഉള്ളത് ഏകത്വത്തിലുള്ള ത്രിത്വത്തിന്റെയും ത്രിത്വത്തിലുള്ള ഏകത്വത്തിന്റെയും പ്രധാന തെളിവാണ്. കാരണം ദൈവം തന്റെ മഹത്വം മനുഷ്യനുമായൊ, ദൂതനുമായൊ പങ്കുവെക്കുകയില്ല. അതിൽ നിന്നു തന്നെ ക്രിസ്തുവിന്റെ ദൈവസമത്വം തെളിയുന്നു.

പഴയനിയമത്തിലെ യഹോവ തന്നെയാണ് പുതിയനിയമത്തിലെ ക്രിസ്തു എന്നതിന് അസംഖ്യം തെളിവുകൾ വേദത്തിലുണ്ട്. ഒന്നാം നൂററാണ്ടിലെ ശ്ലീഹാമാരുടെ പ്രസംഗങ്ങളിലെയും, സംവാദങ്ങളിലെയും പ്രധാന വിഷയം പഴയനിയമത്തിൽ

മൊശെയും, പ്രവാചകന്മാരും എഴുതിയിരിക്കുന്ന വൻ ക്രിസ്തു തന്നെ എന്ന് തെളിയിക്കുന്നതായി രുന്നു. ആകയാൽ മോശെയും പ്രവാചകന്മാരും പഴയനിയമത്തിൽ യഹോവയെക്കുറിച്ച് എഴുതി. അത് ക്രിസ്തു തന്നെ എന്ന് അപ്പോസ്തലന്മാർ തെളിയിച്ചു.

1 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു.' (പുറപ്പാട് 3:14) പുതിയ നിയമത്തിൽ-'ഞാൻ ആകുന്നു' എന്ന് ക്രിസ്തു (മത്തായി 26:64).

2 'യഹോവയെ പരീക്ഷിക്കരുത്' (ആവർത്തനം 6:16)-പുതിയ നിയമത്തിൽ-'കർത്താവിനെ പരീക്ഷിക്കരുത്' (1 കൊരിന്ത്യർ 10:9)

3 'പരിശുദ്ധനായ യഹോവ' (ഹോശെയാ 11:9) പുതിയ നിയമത്തിൽ–പരിശുദ്ധനായ ക്രിസ്തു (അ. പ്രവൃത്തികൾ 3:14)

4 'ന്യായം വിധിക്കുന്ന യഹോവ' (യെരമ്യാവ് 11:20)-പുതിയനിയമത്തിൽ-പ്രവൃത്തിക്ക് തക്ക വണ്ണം ന്യായം വിധിക്കുന്ന ക്രിസ്തു (വെളിപ്പാട് 2:23).

5 'യഹോവ നിനക്ക് നിത്യ പ്രകാശവും, നിന്റെ ദൈവം നിനക്ക് തേജസ്സും (യെശയ്യാവ് 60:19) പുതിയ നിയമത്തിൽ - കർത്താവിനുവേണ്ടി കാത്തിരുന്ന ശിമ്യോൻ ക്രിസ്തുവിന്റെ ജനനത്തിങ്കൽ: 'ജാതികൾക്ക് വെളിപ്പെടുവാനുള്ള പ്രകാശവും നിന്റെ ജനമായ യിസ്രായേലിന്റെ മഹത്വവുമായി'.... (ലൂക്കോസ് 2:30).

6 'യഹോവ ജനത്തിന്റെ ഇടയിൽ അഗ്നി സർപ്പങ്ങളെ അയച്ചു' (സംഖ്യ 21:6) -' അവരിൽ ചിലർ പരീക്ഷിച്ചു സർപ്പങ്ങളാൽ നശിച്ചുപോയതുപോലെ നാം കർത്താവിനെ പരീക്ഷിക്കരുത്'. (1 കൊരിന്ത്യർ 10:9)

7 മറുതലിക്കുന്നവർക്കു യഹോവ ഇടർച്ചകല്ല് (യെശയ്യാവ് 8:14) പുതിയ നിയമത്തിൽ-മറുതലിക്കുന്നവർക്ക് ക്രിസ്തു ഇടർച്ചകല്ല് (1 പത്രൊസ് 2:7,8)

8 യഹോവയാകുന്ന ഇടർച്ചകല്ലിൽ തട്ടുന്നവർ തകർന്നുപോകും (യെശയ്യാവ് 8:14,15)-പുതിയ നിയമത്തിൽ-ക്രിസ്തുവാകുന്ന ഇടർച്ചകല്ലിൽ തട്ടുന്നവൻ തകർന്നുപോകും (മത്തായി 21:44)

9 'ഞാൻ തന്നെ എന്റെ ആടുകളെ തിരഞ്ഞു നോക്കും' എന്ന് യഹോവ അരുളിചെയ്തു (യെഹസ്കേൽ 34:11) കാണാതെപോയ ആടുകളെ തിരഞ്ഞു രക്ഷിപ്പാൻ ക്രിസ്തു വന്നു. (ലൂക്കോസ് 19:10)

10 നിന്റെ ദൈവമായ യഹോവയെ നീ ഓർക്കേണം (ആവർത്തനം 8:18) (പുറപ്പാട് 12:14,27)-പുതിയ നിയമത്തിൽ - 'എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ' എന്ന് ക്രിസ്തുവിന്റെ കല്പന (ലൂക്കോസ് 22:19)

11 യഹോവയുടെ കല്പന പ്രമാണിക്കേണം. (ആവർത്തനം 8:1)-പുതിയ നിയമത്തിൽ -

'ക്രിസ്തുവിൻെറ കല്പനകളെ പ്രമാണിക്കാതി
രിക്കയും ചെയ്യുന്നവൻ കള്ളൻ ആകുന്നു ; സത്യം
അവനിൽ ഇല്ല.' (1 യോഹന്നാൻ 2:4)

12 യഹോവയാം യാഹിൽ ശാശ്വതമായ പാറ (യെശ
യ്യാവ് 26:4)-അവരെ അനുഗമിച്ച ആത്മിക
പാറ ക്രിസ്തു ആയിരുന്നു. (1 കൊരിന്ത്യർ
10:4)

13 പഴയനിയമ ഭക്തന്മാരുടെ അപേക്ഷ

യഹോവെ, നീ ഞങ്ങൾക്കായിട്ട് സമാധാനം
നിയമിക്കും. (യെശയ്യാവ് 26:12)-അതിന് ക്രി
സ്തുവിൻെറ ഉത്തരം 'എൻെറ സമാധാനം ഞാൻ
നിങ്ങൾക്ക് തരുന്നു' (യോഹന്നാൻ 14:27)

14 'യഹോവ നിങ്ങളെ സ്നേഹിക്കുന്നു' (ആവർ
ത്തനം 7:8) – 'ഞാനും അവനെ സ്നേഹിച്ചു
അവന് എന്നെ തന്നെ വെളിപ്പെടുത്തും' (യോഹ
ന്നാൻ 14:21) എന്ന് യേശുക്രിസ്തു പറയുന്നു.

15 'സീയോൻ പർവ്വതത്തിൽ അധിവസിക്കുന്ന സൈ
ന്യങ്ങളുടെ യഹോവയാൽ യിസ്രായേലിൽ അട
യാളങ്ങളും അത്ഭുതങ്ങളും ആയിരിക്കുന്നു.'
(യെരമ്യാവ് 8:18)-പുതിയനിയമത്തിൽ-'യേശു
വിൻെറ നാമത്താൽ അടയാളങ്ങളും അത്ഭുത
ങ്ങളും ഉണ്ടാകുന്നതിനാലും'.... (അ. പ്രവൃത്തി
കൾ 4:30)

16 യെശയ്യാ പ്രവചനത്തിൽ : 'ഞാൻ ഞാൻ തന്നെ
യഹോവ ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല'
(43:11)-പുതിയനിയമത്തിൽ അതിൻെറ നിർവ്വ

ഹണം 'കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ
(ലൂക്കൊസ് 2:11)യഹോവയല്ലാതെ ഒരുരക്ഷിതാ
വില്ല എന്ന തിരുവെഴുത്ത് മാറി കൂടായ്കയാൽ
ക്രിസ്തു തന്നെ യഹോവ എന്ന് തെളിയുന്നു.
ഞാനല്ലാതെ ഒരു രക്ഷിതാവില്ല എന്ന് യഹോവ
പറയുമ്പോൾ വേറൊരു രക്ഷകൻ ഉണ്ടാകുവാൻ
പാടില്ല. അതിനാൽ പഴയനിയമത്തിലെ യഹോ
വയും പുതിയനിയമത്തിലെ ക്രിസ്തുവും ഒന്നു
തന്നെ.

17 അതുകൊണ്ട് നിങ്ങൾ എന്റെ സാക്ഷികൾ
എന്ന് യഹോവയുടെ അരുളപ്പാട് (യെശയ്യാവ്
43:12) -ക്രിസ്തു അരുളിചെയ്തിരിക്കുന്നത്:
'നിങ്ങൾ ഭൂമിയുടെ അററത്തോളവും എന്റെ
സാക്ഷികൾ ആകും (അ. പ്രവൃത്തികൾ 1:8)

18 യെശയ്യാ പ്രവചനത്തിൽ 'ഇന്നും ഞാൻ അന
ന്യൻ തന്നെ' എന്ന് യഹോവ (43:13)-പുതിയ
നിയമത്തിൽ -'നിയൊ അനന്യൻ' (എബ്രായർ
1:12), 'യേശുക്രിസ്തു ഇന്നലെയും ഇന്നും
എന്നേക്കും അനന്യൻ തന്നെ'. (എബ്രായർ 13:8)

19 യഹോവയെ യിസ്രായേലിന്റെ രാജാവെന്ന്
യെശയ്യാ പ്രവചനത്തിൽ (43:15)-യേശു യഹൂ
ദന്മാരുടെ രാജാവെന്ന് അവകാശപ്പെട്ടു
(യോഹന്നാൻ 18:37, 19:19)

20 നിങ്ങളുടെ വീണ്ടെടുപ്പുകാരനായ യഹോവ
(യെരമ്യാവ് 43:14) - നിങ്ങളെ വീണ്ടെടുത്തിരി
ക്കുന്നത് ക്രിസ്തു. (1 പത്രൊസ് 1:18).

21 'യഹോവ എന്റെ ഇടയനാകുന്നു' എന്ന് ദാവീദ് (സങ്കീർത്തനം 23:1)–പുതിയനിയമത്തിൽ–ഞാൻ നല്ല ഇടയൻ എന്ന് ക്രിസ്തു. (യോഹന്നാൻ 10:11)

22 യഹോവയെ വഴിയായും, ജീവന്റെ ബലമായും, വെളിച്ചമായും പഴയനിയമ ഭക്തന്മാർ കണ്ടു. പുതിയ നിയമത്തിൽ യേശുക്രിസ്തു തന്നെ വഴിയും, സത്യവും, ജീവനും, വെളിച്ചവും എന്ന് കാണുന്നു.

23 പഴയനിയമത്തിൽ യഹോവ എന്നതിന് തുല്ല്യമായ കർത്താവ് (Kyrious) എന്ന പദമാണ് പുതിയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്. പഴയനിയമത്തിൽ നിന്നും യഹോവയെ കുറിക്കുന്ന എല്ലാ പുതിയനിയമ ഉദ്ധരണികളിലും ഈ വിധം കർത്താവെന്ന നിലയിൽ ക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് യഹോവയാം ദൈവം ക്രിസ്തു ആണെന്ന ഉത്തമ ബോദ്ധ്യത്താലാണ് അപ്പൊസ്തലന്മാർ ക്രിസ്തുവിനെ കർത്താവ് എന്ന് വിളിച്ചിരുന്നത്.

24 'എന്നാൽ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്ന യോവേൽ പ്രവചന ഭാഗത്തെ (2:32) പത്രോസ് അപ്പൊസ്തലൻ തന്റെ പെന്തക്കോസ്തുദിന പ്രസംഗത്തിൽ 'കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവൻ രക്ഷിക്കപ്പെടും.' (അ. പ്രവൃത്തി 2:21) എന്നത്രെ പ്രസ്താവിച്ചത്. അന്ന്

യേശുക്രിസ്തുവിൽ വിശ്വസിച്ചവർ രക്ഷിക്കപ്പെട്ടു. ആകയാൽ യോവേൽ പ്രവചനത്തിലെ യഹോവ ക്രിസ്തു തന്നെ.

25 യിസ്രായേലിന്റെ രാജാവായ യഹോവ ആദ്യനും അന്ത്യനും എന്ന് അരുളിച്ചെയ്തു. (യെശയ്യാവ് 44:6,48:12–16) രാജാധി രാജാവായ ക്രിസ്തു 'ഞാൻ ആദ്യനും അന്ത്യനും എന്ന് അരുളിച്ചെയ്തിരിക്കുന്നു. (വെളിപ്പാട് 1:8,22:13) അതിനാൽ ആദ്യനും അന്ത്യനുമായ യഹോവ ക്രിസ്തു ആകുന്നു.

26 'നീ ഉയരത്തിലേക്ക് കയറി ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി യാഹ് എന്ന ദൈവം അവിടെ വസിക്കേണ്ടതിന്....' (സങ്കീർത്തനങ്ങൾ 68:18)– പുതിയനിയമത്തിൽ – 'അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി മനുഷ്യർക്ക് ദാനങ്ങളെ കൊടുത്തു' (എഫെസ്യർ 4:8) ഇവിടെ സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തു യഹോവ എന്ന് പഴയനിയമവും ആ യഹോവ ക്രിസ്തു തന്നെ എന്ന് പുതിയനിയമം സാക്ഷിക്കുകയും ചെയ്യുന്നു.

27 'സൈന്യങ്ങളുടെ യഹോവയെ ശുദ്ധീകരിപ്പിൻ' (യെശയ്യാവ് 8:13) പുതിയ നിയമം അനുശാസിക്കുന്നത് : 'ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവായി വിശുദ്ധീകരിപ്പിൻ' (1 പത്രൊസ് 3:14) പഴയ പുതിയ നിയമങ്ങൾ

ഒരുപോലെ വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് യഹോവ തന്നെ ക്രിസ്തു എന്ന് ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

28 പഴയനിയമ ചിന്താഗതികളെ തികഞ്ഞ ഗൗരവത്തിൽ കാണുന്ന യാക്കൊബ് തൻെറ ലേഖനത്തിൽ പിതാവിനും, പുത്രനും കർത്താവ് എന്ന പേർ ഒരുപോലെ ഉപയോഗിച്ചിരിക്കുന്നു. (യാക്കൊബ് 5:7,10)

29 'നിർജ്ജന പ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ' (യെശയ്യാവ് 40:3) പുതിയ നിയമത്തിൽ ഈ ദൈവം കർത്താവായ യേശുക്രിസ്തു തന്നെ (മത്തായി 3:3). മലാഖി പ്രവചനത്തിൽ 'എനിക്ക് മുമ്പായി വഴി നിരത്തേണ്ടതിന് ... എൻെറ ദൂതനെ അയയ്ക്കുന്നു.' (3:1) പുതിയ നിയമത്തിൽ നാലു സുവിശേഷങ്ങളും 'എനിക്ക്' എന്നുള്ള യഹോവയുടെ സ്ഥാനത്ത് യേശുക്രിസ്തുവിനെയും 'എൻെറ ദൂതൻ' എന്ന സ്ഥാനത്ത് യോഹന്നാൻ സ്നാപകനെയുമാണ് നിവർത്തിച്ചു കാണിക്കുന്നത്.

30 യെരമ്യാ പ്രവാചകൻ കർത്താവ് ഉയർന്നും പൊങ്ങിയുമുളള സിംഹാസനത്തിൽ ഇരിക്കുന്നത് കണ്ടിട്ട്: 'എൻെറ കണ്ണ് സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലൊ' എന്നു പറഞ്ഞു. (6:5) യിസ്രായേൽ മക്കൾ ദൈവവചനം ധിക്കരിക്കുന്ന അതേ രോഗം (6:10) പുതിയ

നിയമത്തിൽ ഉദ്ധരിക്കുമ്പോഠം യെശയ്യാവ് ക്രിസ്തുവിൻെറ തേജസ്സ് കണ്ടു എന്നാണ് എഴുതിയിരിക്കുന്നത്. 'യെശയ്യാവ് അവൻെറ തേജസ്സ് കണ്ടു അവനെക്കുറിച്ച് സംസാരിച്ചതുകൊണ്ടാകുന്നു ഇതുപറഞ്ഞത്.' (യോഹന്നാൻ 12:40,41)

31 'യഹോവയൊ സത്യദൈവം' (യെരമ്യാവ് 10:10)-പുതിയ നിയമത്തിൽ പിതാവിനെയും, പുത്രനെയും ഒരേവാക്യത്തിൽ 'സത്യദൈവം' എന്ന് വിളിച്ചിരിക്കുന്നു. 'നാം സത്യദൈവത്തിൽ അവൻെറ പുത്രനായ യേശുക്രിസ്തുവിൽ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനും ആകുന്നു.' (1 യോഹന്നാൻ 5:20) 'യഹോവ' എന്ന നാമം പിതാവിനും, പുത്രനും ഒരുപോലെ ഉള്ളതായി കാണുന്നതിൽ നിന്നും യേശുക്രിസ്തുവിൻെറ ദൈവത്വവും, ദൈവസമത്വവും വചനത്താൽ ദൃഢീകരിക്കപ്പെടുന്നു.

32 യഹോവ എന്ന നാമം പിതാവിനും, പുത്രനും ഒരുപോലെ ഉപയോഗിച്ചിട്ടുള്ള പഴയ നിയമഭാഗങ്ങളിൽ ഒന്നാണ് യെശയ്യാ പ്രവചനം 48-ാം അദ്ധ്യായം. 'ഞാൻ ആദ്യനും, അന്ത്യനും ആകുന്നു എന്നും. എൻെറ കൈ ഭൂമിക്ക് അടിസ്ഥാനമിട്ടു' (12, 13) എന്ന് അരുളി ചെയ്യുന്ന യഹോവ തന്നെ. 'ഇപ്പോഴൊ യഹോവയായ കർത്താവ് എന്നെയും തൻെറ ആത്മാവിനെയും അയച്ചിരിക്കുന്നു.' (16) എന്നും. അരുളിചെയ്തിരിക്കുന്നു.

33 'ഞാൻ എന്റെ മഹത്വം മറ്റൊരുവന് വിട്ടുകൊടുക്കയില്ല' എന്നും (യെശയ്യാവ് 48:11) സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സർവ്വ ഭൂമിയും യഹോവയുടെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു' (6:3) എന്നുമുള്ള നിലയിൽ മഹത്വധാരിയായ യഹോവ ക്രിസ്തുതന്നെ എന്ന് പുതിയനിയമം തെളിവു നല്കുമ്പോൾ (യോഹന്നാൻ 12:41) ക്രിസ്തുവിന്റെ ദൈവത്വത്തിൽ നിന്നും, ദൈവ സമത്വത്തിൽ നിന്നും വിഭിന്നമായ ഒരു ആശയം വെറെയില്ല.

34 യഹോവ ഭക്തന്മാർ കണ്ട ക്രിസ്തു:-

യഹോവാ ഭക്തനായ ഹാനോക്ക് ക്രിസ്തുവിനെ പ്രസംഗിച്ചു. (യൂദ:15)

യഹോവാ ഭക്തനായ അബ്രഹാം തന്റെ കർത്താവിന്റെ ദിവസം കാണും എന്നുള്ളതുകൊണ്ട് ഉല്ലസിച്ചു; അവൻ കണ്ട് സന്തോഷിച്ചുമിരിക്കുന്നു. (യോഹന്നാൻ 8:56)

യഹോവാ ഭക്തനായ ദാവീദ് ക്രിസ്തുവിനെ തന്റെ കർത്താവ് എന്ന് വിളിച്ചുമിരിക്കുന്നു. (മർക്കോസ് 12:36)

യഹോവാ ഭക്തനായ മോശെ മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി (എബ്രായർ 11:26) അതിനാൽ മോശെ യഹോവെക്കുവേണ്ടി ജീവിക്കുകയും, പ്രവൃത്തിക്കുകയും ചെയ്തപ്പോൾ അത് ക്രിസ്തുവി

നുവേണ്ടി തന്നെയായിരുന്നു. മോശെയെക്കാരം ഉപരിയായി യഹോവയെ അടുത്തറിഞ്ഞ പ്രവാചകൻ വേറെയില്ലായിരുന്നു.

35 മൊശെ യഹോവയെക്കുറിച്ച് അസംഖ്യമായി എഴുതിയിരിക്കുന്നു. എന്നാൽ ആ എഴുതിയിരിക്കുന്നത് തന്നെക്കുറിച്ചാണെന്ന് ക്രിസ്തു സമർത്ഥിക്കുന്നു. (യോഹന്നാൻ 5:47)

36 സകല പ്രവാചകന്മാരുടെ പ്രവചനത്തിന്റെയും, പ്രസംഗത്തിന്റെയും, എഴുത്തിന്റെയും, സങ്കീർത്തനങ്ങളുടേയും കേന്ദ്ര വിഷയം ക്രിസ്തു ആയിരിക്കുന്നു. (ലൂക്കോസ് 24:27)

37 പഴയ നിയമത്തിൽ ഇയ്യോബിനോടിടപ്പെട്ട യഹോവ ക്രിസ്തു തന്നെ എന്ന് പുതിയ നിയമത്തിൽ യാക്കൊബ് തന്റെ ലേഖനത്തിൽ കർത്താവിന്റെ പ്രത്യക്ഷതയുടെ പ്രത്യാശാവചനം നല്കുന്ന വേളയിൽ സൂചിപ്പിക്കുന്നു. (യാക്കൊബ് 5:11)

38 രഹസ്യത്തിൽ ഒന്നും സംസാരിക്കാത്ത-സകലതും വെളിവാക്കുന്ന യഹോവ (യെശയ്യാവ് 48:16) രഹസ്യത്തിൽ ഒന്നും സംസാരിക്കാത്ത ക്രിസ്തു തന്നെ (യോഹന്നാൻ 18:21)

39 യെശയ്യാ് പ്രവാചകത്തിൽ യഹോവയോടുള്ള പ്രത്യാശാനിർഭരമായ അപേക്ഷ: 'നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു.'

(64:2) തിരുവെഴുത്തു നല്കുന്ന ഉത്തരം: 'ഇതാ അവൻ മേഘാരുഢനായി വരുന്നു'. (വെളിപ്പാട് 1:7)

40 'ഞാനല്ലാതെ നീതിമാനായൊരു ദൈവവും രക്ഷിതാവുമില്ല ; സകല ഭൂസീമാവാസികളുമായുള്ളോരെ, എങ്കലേക്ക് തിരിഞ്ഞ് രക്ഷപ്പെടുവിൻ, ഞാനല്ലാതെ വേറൊരുദൈവവും ഇല്ലല്ലോ. (യെശയ്യാവ് 45:22,23) യഹോവയും ക്രിസ്തുവും രണ്ടും രണ്ടാണെങ്കിൽ തിരുവെഴുത്തിൽ യേശുക്രിസ്തുവിൻെറ നാമം അല്ലാതെ 'മറെറാരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല' (അ. പ്രവൃത്തി 4:12) എന്ന വചനം വിരുദ്ധമായി തീരും. രക്ഷിതാവ് ഏകൻ ആകയാൽ യഹോവയും ക്രിസ്തുവും ഒന്നുതന്നെ. ആകയാൽ ത്രിത്വത്തിലുള്ള ഏകത്വത്തെ സ്വീകരിക്കാതെ വേറൊരു മാർഗ്ഗവും ത്രിത്വനിഷേധികൾക്ക് അവശേഷിക്കുന്നില്ല.

ഈ തിരുവചന സാക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രിസ്തുവിൻെറ ദൈവത്വം നിഷേധിക്കുന്നവർ യഹോവയുടെ ദൈവത്വം നിഷേധിക്കുന്നു. ക്രിസ്തു ദൂതനാണെന്ന് പറയുമ്പോൾ യഹോവ ദൂതനാണെന്ന് പറയുന്നു. ക്രിസ്തു കേവലം മനുഷ്യൻ മാത്രമാണെന്ന് പറയുമ്പോൾ യഹോവ കേവലം മനുഷ്യൻ മാത്രമാണെന്ന് പറയുന്നു. ക്രിസ്തു സൃഷ്ടിയാണെന്ന് പറയുമ്പോൾ യഹോവ സൃഷ്ടിയാ

ണന്ന് പറയുന്നു. യഹോവ എന്ന നാമം പിതാവാം ദൈവത്തിനും പുത്രനാം ദൈവത്തിനും ഒരുപോലെ യുള്ളതിനാൽ യഹോവയുടെ നാമം വൃഥാ എടുക്കുന്നവർ ആ നാമത്താൽ തന്നെ വിധിക്കപ്പെടും. ദൈവത്തിന്റെ ദൈവത്വം നിഷേധിക്ക എന്നുള്ളത് ദൈവം ഇല്ല എന്ന് പറയുന്നതിലും കനത്ത പാപമാണ്.

യഹോവ ക്രിസ്തു തന്നെ എന്ന് തെളിയിക്കപ്പെടുന്നതോടുകൂടി ക്രിസ്തുവിനെ രണ്ടാം തരം ദൈവമാക്കുന്ന ഉപദേശം സാത്താന്യമാണെന്ന് തെളിയുന്നു. അങ്ങനെ വലിയ ഒരു ദൈവവും ആ ദൈവത്തിന് താഴെയും ദൂതന്മാർക്ക് മുകളലുമായി ചെറിയ ദൈവവുമുണ്ടെന്ന് ഉപദേശിക്കുന്നത് ദൈവികമല്ല. ആകയാൽ ക്രിസ്തുവിനെ ദൈവമെന്ന് ബൈബിൾ സംബോധന ചെയ്തിരിക്കയാലും, ദൈവിക ഗുണലക്ഷണങ്ങൾ ക്രിസ്തുവിൽ സമ്പൂർണ്ണതയിൽ വസിക്കുന്നതിനാലും, പിതാവും, പുത്രനും ഒരുപോലെ 'യഹോവ' എന്ന നാമത്തിൽ വെളിപ്പെടുന്നതിനാലും യേശുക്രിസ്തു പിതാവാം ദൈവത്തോട് സമത്വമുള്ള സാക്ഷാൽ ദൈവംതന്നെ.

# 3

# പരിശുദ്ധാത്മാവിൻെറ ദൈവത്വവും, ആളത്വവും

യേശുക്രിസ്തുവിൻെറ ദൈവത്വം നിഷേധിക്കുന്ന 'യഹോവയുടെ സാക്ഷികരം' പരിശുദ്ധാത്മാവിൻെറ ദൈവത്വത്തെയും ആളത്വത്തെയും നിഷേധിക്കുന്നു. പരിശുദ്ധാത്മാവ് ദൈവത്തിൻെറ പ്രാവർത്തിക ശക്തി മാത്രമാണെന്നും വൈദ്യുതി പോലെയൊ, ആണവോർജ്ജം പോലെയൊ ആണെന്നുമാണ് അവരുടെ മതം. എന്നാൽ ക്രിസ്തീയമാർഗ്ഗത്തിലെ അറിവില്ലാത്തവരെ കെണിയിൽ കുടുക്കുവാൻ അവരുടെ സ്നാനം പിതാവിൻെറയും, പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിലുമാണ്. (Knowledge that leads you everlasting life (watch Tower) P. 176) അതിൽ സ്നാനപ്പെടുമ്പോരം പരിശുദ്ധാത്മാവ് ദൈവത്തിൻെറ പ്രാവർത്തിക ശക്തിയാണെന്ന് 'യഹോവയുടെ സാക്ഷി' അംഗീകരിക്കുന്നു. ഒരു നാമത്തിൽ പ്രവൃത്തി ചെയ്യുമ്പോരം ഉപയോഗിക്കുന്ന നാമം ഒരു വ്യക്തിയുടേതല്ലാതെ ഒരു പദാർത്ഥത്തിൻെറയൊ, ശക്തിയുടേതൊ ആണെന്നു വന്നാൽ അതിൽപരം ഭോഷത്തം വേറെ

യില്ല. ഉദാഹരണമായി, ഒരു കാര്യത്തിന് നന്ദി പ്രകാശിപ്പിക്കുന്നത്, ഏതെങ്കിലും വ്യക്തിയുടെ നാമത്തിലൊ ആളത്വം പ്രതിനിധീകരിക്കുന്ന ഏതെങ്കിലും സമൂഹത്തിന്റെ നാമത്തിലൊ ആണെങ്കിൽ അതു മനസ്സിലാക്കാം. എന്നാൽ 'വൈദ്യുതിയുടെ നാമത്തിൽ നന്ദി പറയുക' 'ആണവോർജ്ജത്തിന്റെ നാമത്തിൽ നന്ദി പറയുക'-എന്നാണെങ്കിൽ അത് സാമാന്യബോധത്തിൽ നിന്നുമുള്ളതായിരിക്കില്ല. ത്രിത്വം ബുദ്ധിപരമായി ഉൾക്കൊള്ളുവാൻ വിമുഖത കാട്ടുന്ന ഇക്കൂട്ടർ പരിശുദ്ധാത്മാവ് കേവലം ഒരു പ്രാവർത്തിക ശക്തിമാത്രമാണെന്ന് പറയുകയും ആ ശക്തിയുടെ നാമത്തിൽ ഒരു കർമ്മം അനുഷ്ടിക്കയും ചെയ്യുന്നത് വ്യാജവും, തികഞ്ഞ ഭോഷത്തവും, ശക്തി സേവക്ക് തുല്ല്യവും, അവരേയും അവരുടെ മാർഗ്ഗം പിൻപററുന്നവരേയും വഞ്ചിക്കുകയല്ലാതെ പിന്നെന്താണ്?

യേശുക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുവാൻ ക്രിസ്തു തന്റെ മനുഷ്യത്വത്തിൽ ഉച്ചരിച്ച താഴ്മയുടെ വാക്കുകൾ ത്രിത്വനിഷേധികൾ ഉദ്ധരിക്കാറുണ്ട്. എന്നാൽ ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുവാൻ തിരുവചനത്തിൽ യാതൊരു തെളിവും ഇല്ലാതിരിക്കുന്നതുപോലെ തന്നെ പരിശുദ്ധാത്മാവ് 'ഒരു ശക്തി മാത്രം' എന്ന് ആരോപിക്കുവാൻ വചനത്തിൽ ഒരു സൂചന പോലുമില്ലാതിരിക്കെ അതിന് തുനിയുന്നത് ഇക്കൂട്ടരുടെ ദൈവ നിഷേധത്തിന്റെ രണ്ടാമത്തെ പടിയാണ്. 'ആത്മാവിനാൽ നിറവിൻ' എന്നും, 'ആത്മാവിൽ കുറെ എടുത്ത്' എന്നുമുള്ള വേദഭാഗങ്ങൾ

ആത്മാവിൻെറ ഫലത്തിൻെറയും, ശുശ്രൂഷയിലുമുള്ള ഏററകുറച്ചിലിനെ സൂചിപ്പിക്കുന്നുവെന്നല്ലാതെ പരിശുദ്ധാത്മാവിൻെറ ആളത്വത്തെയൊ, ദൈവത്വത്തെയൊ തെളിയിക്കുന്ന മററ് ഒരു വാക്യങ്ങറംക്കും വിരുദ്ധമായിരിക്കുന്നില്ല.

'പരിശുദ്ധാത്മാവിൻെറ ശക്തി' എന്നു പറയുന്നതും 'പരിശുദ്ധാത്മാവ് കേവലം ഒരു ശക്തി മാത്രം' എന്ന് പറയുന്നതും രണ്ടും രണ്ടു കാര്യമാണ്. പരിശുദ്ധാത്മാവിൻെറ പ്രവർത്തനം ബൈബിളിൽ ഉടനീളം പഴയനിയമത്തിലും-പുതിയ നിയമത്തിലും ഒരുപോലെ കാണാവുന്നതാണ്.

പരിശുദ്ധാത്മാവിൻെറ ആളത്വത്തെയും, ദൈവത്വത്തെയും കുറിച്ച് തിരുവെഴുത്ത് തികഞ്ഞ സാക്ഷ്യം നല്കുന്നുണ്ട്.

1 പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആയിരിക്കേണം സ്നാനം എന്നുള്ളത് (മത്തായി 28:19) പിതാ, പുത്രാ, പരിശുദ്ധാത്മാവിൻെറ സമത്വവും, സാരാംശവും, വേർപിരിക്കുവാൻ കഴിയാത്ത ഏകീഭാവം വ്യക്തമാക്കുന്നുണ്ട്. അതുപോലെ പിതാ, പുത്രാ, പരിശുദ്ധാത്മാ നാമത്തിലുള്ള ദൈവികാശിസ്സും (2 കൊരിന്ത്യർ 13:14) ഈ സത്യത്തെ വെളിപ്പെടുത്തുന്നു.

2 'ദൈവം ആത്മാവാകുന്നു' (യോഹന്നാൻ 4:24) 'കർത്താവ് ആത്മാവാകുന്നു' (2 കൊരിന്ത്യർ 3:17) ഈ പദങ്ങളും ആളത്വത്തെക്കുറിക്കുന്നു.

ആളത്വത്തോടു കൂടിയല്ലാതെ ഇത് വിവരിക്കുക അചിന്ത്യമാണ്. ആയതിനാൽ ഈ രണ്ടു വാക്യങ്ങളും 'ആത്മാവ് ദൈവമാകുന്നു, ആത്മാവ് കർത്താവാകുന്നു' എന്നീ നിലകളിലും തുല്ല്യമാകയാൽ പിതാ, പുത്രാ, പരിശുദ്ധാത്മാവിന്റെ ദൈവത്വം, ആളത്വം, സമത്വം ഇവ ദൃഢീകരിക്കപ്പെടുന്നു.

3 പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള ക്രിസ്തു മൊഴി 'സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ സകല സത്യത്തിലും നിങ്ങളെ വഴി നടത്തും, അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചു തരികയും ചെയ്യും. അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്ക് അറിയിച്ച് തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും.' (യോഹന്നാൻ 16: 13) 'കേൾക്കുക,' സംസാരിക്കുക, 'നിങ്ങൾക്ക് അറിയിച്ചുതരിക,' 'നിങ്ങളെ വഴിനടത്തുക' എന്നീ പ്രയോഗങ്ങളിൽ നിന്നും പരിശുദ്ധാത്മാവിന്റെ ആളത്വം വെളിപ്പെടുന്നു. പരിശുദ്ധാത്മാവാം ദൈവത്താൽ ഒരു വ്യക്തി എത്രമാത്രം സ്വാധീനിക്കപ്പെട്ടു എന്ന് എങ്ങനെ തിരിച്ചറിയാം എന്നും ഈ വാക്യത്തിലൂടെ കർത്താവ് പഠിപ്പിക്കുന്നു. പരിശുദ്ധാത്മാവ് സ്വയമായി സംസാരിക്കാതെ ക്രിസ്തുവിനെ മഹത്വപ്പെടുത്തും. ഒരു വിശ്വാസി വാക്കിനാലും ക്രിയയാലും എത്രമാത്രം ക്രിസ്തുവിനെ ഉയർത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നുവോ അത്രമാത്രം ആ വ്യക്തിയ

ലുള്ള പരിശുദ്ധാത്മാവിന്റെ വ്യാപാരം വ്യക്തമാകുന്നു. അതിനാൽ ക്രിസ്തുവിൽ നിന്നും വേർതിരിക്കുവാൻ കഴിയാത്ത വിധത്തിൽ പരിശുദ്ധാത്മാവിന്റെ ദൈവ സമത്വവും–കേരംക്കുന്നു, കാണുന്നു, സംസാരിക്കുന്നു എന്ന നിലകളിൽ ആളത്വവും പ്രകടമാകുന്നു.

4 പരിശുദ്ധാത്മാവിനോട് വ്യാജം കാണിക്കുന്നതും, ദൈവത്തോടു വ്യാജം കാണിക്കുന്നതും രണ്ടും ഓരേ കാര്യമാണെന്ന് തിരുവെഴുത്തിൽ കാണുന്നു. (അ. പ്രവൃത്തി 5: 3, 4) പരിശുദ്ധാത്മാവിന്റെ ദൈവസമത്വവും ആളത്വവും ഈ വാക്യത്തിൽ ഉണ്ട്.

5 'കർത്താവിന്റെ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങരം തമ്മിൽ ഒത്തത് എന്തിന്?' (അ. പ്രവൃത്തി 5:9) പിതാവാം ദൈവത്തെയും പുത്രനാം ദൈവത്തെയും പരീക്ഷിക്കുന്നത് പാപമായിരിക്കുന്നതുപോലെ പരിശുദ്ധാത്മാവാം ദൈവത്തെ പരീക്ഷിക്കുന്നതും പാപമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആളത്വമുള്ളതിനാലാണ് പരീക്ഷിക്കരുത് എന്ന് പറയുന്നത് ഈ വാക്യത്താലും ത്രിത്വം തെളിയിക്കപ്പെടുന്നു.

6 'നിങ്ങരം ദൈവത്തിന്റെ മന്ദിരം ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു.' (1 കൊരിന്ത്യർ 3:16) അദൃശ്യനായ പരിശുദ്ധാത്മാവ് ശരീരധാരിയായ വിശ്വാസിയിൽ വാസം ചെയ്യുന്നു. ഒരു ശക്തി എന്ന നിലയിൽ ഒന്നും അറിയാത്ത അവസ്ഥയിൽ അല്ല. പകരം വിശ്വാ

സിയെ നിയന്ത്രിക്കുകയും, വഴി നടത്തുകയും, സംരക്ഷിക്കുകയും ചെയ്യുന്ന ആളത്വപൂർണ്ണനായ ദൈവം എന്ന നിലയിൽ.

7 ദൈവത്തെ കോപിപ്പിച്ചു എന്ന സങ്കീർത്തനഭാഗത്തിലെ (78:21) ആശയം തന്നെയാണ് സ്തെഫാനൊസ് തൻെറ പ്രസംഗത്തിൽ യഹൂദന്മാർ പരിശുദ്ധാത്മാവോട് മറുത്തു നില്ക്കുന്നു എന്ന് ഉദ്ധരിക്കുന്നത്. (അ. പ്രവൃത്തി 7:52) ഒരു വ്യക്തിയോട് മാത്രമെ കോപിക്കുവാനും, മറുത്തു നില്ക്കുവാനും കഴികയുള്ളു. വൈദ്യുതി പോലൊരു ശക്തിയോട് 'കോപിച്ചു', 'മറുത്തുനിന്നു' എന്നെല്ലാം പറയുന്നത് സുബോധപൂർവ്വമല്ല. പരിശുദ്ധാത്മാവിൻെറ ആളത്വവും, ദൈവത്വവും മുൻപറഞ്ഞ വാക്യത്തിൽ കാണാവുന്നതാണ്.

8 പരിശുദ്ധാത്മാവിനെ അർത്ഥാൽ ദൈവത്തെ, മഹത്വത്തിൻെറ ആത്മാവെന്ന് വിശേഷിപ്പിച്ചിരിക്കുന്നു. (1 പത്രൊസ് 4:14). ദൈവമഹത്വം പരിശുദ്ധത്മാവാം ദൈവം പങ്കുവെക്കുന്നു. മററാരാലും പങ്കുവെക്കപ്പെടാനാവാത്ത ദൈവമഹത്വം പുത്രനും, പരിശുദ്ധാത്മാവും പങ്കുവെക്കുന്നതിനാൽ ത്രിത്വത്തിന് വിപരീതമായ ചിന്ത അസ്ഥാനത്താകുന്നു.

9 ദൈവീക ഗുണലക്ഷണങ്ങൾ ക്രിസ്തുവിലെന്നപോലെ പരിശുദ്ധാത്മാവിലും അന്തർലീനമായിരിക്കുന്നു.

ജീവന്റെ ആത്മാവ് (റോമർ 8:2)
സത്യത്തിന്റെ ആത്മാവ് (യോഹന്നാൻ 16:13)
സ്നേഹത്തിന്റെ ആത്മാവ് (റോമർ 15:32)
വിശുദ്ധിയുടെ ആത്മാവ് (റോമർ 1:5)
കൃപയുടെ ആത്മാവ് (എബ്രായർ 10:29)
ജ്ഞാനത്തിന്റെ ആത്മാവ് (1കൊരിന്ത്യർ 12:8)

ആകയാൽ ക്രിസ്തുവിലുള്ളതുപോലെ ദൈവിക ഗുണലക്ഷണങ്ങളായ ജീവൻ, സത്യം, സ്നേഹം, വിശുദ്ധി, കൃപ, ജ്ഞാനം എന്നിവ പരിശുദ്ധാത്മാവിലും കാണുന്നത് ത്രിത്വത്തിന്റെ സ്പഷ്ടമായ തെളിവാണ്. ആകയാൽ സമത്വത്തിലും സാരാംശത്തിലും പിതാ, പുത്ര, പരിശുദ്ധാത്മാവ് ഒന്നത്രേ.

10 ദൈവിക വൈശിഷ്ട്യങ്ങളായ നിത്യത്വം, സർവ്വവ്യാപിത്വം, സർവ്വജ്ഞത, സർവ്വശക്തി എന്നിവ പരിശുദ്ധാത്മാവിൽ കാണുന്നു.

പരിശുദ്ധാത്മാവ് നിത്യനായ ദൈവം :–

'നിത്യാത്മാവിനാൽ ദൈവത്തിന് തന്നെത്താൻ' (എബ്രായർ 9:1) ആകയാൽ പരിശുദ്ധാത്മാവ് പിതാവിനും, പുത്രനോടും കൂടെ നിത്യനായ ദൈവമാണ്.

പരിശുദ്ധാത്മാവ് സർവ്വവ്യാപിയായ ദൈവം:-

'നിന്റെ ആത്മാവിനെ ഒളിച്ച് ഞാൻ എവിടേക്ക് പോകും'? (സങ്കീർത്തനങ്ങൾ 139:7) അതിനാൽ പരിശുദ്ധാത്മാവ് സർവ്വവ്യാപിയാണ്.

അതേവിധം ഓരോ വിശ്വാസിയിലും പരിശുദ്ധാത്മാവ് വാസം ചെയ്യുന്നതും (1 കൊരിന്ത്യർ 3:16) സർവ്വവ്യാപി ആകയാലത്രെ.

പരിശുദ്ധാത്മാവ് സർവ്വജ്ഞനും, സർവ്വശക്തനുമായ ദൈവം:-

പരിശുദ്ധാത്മാവിനെ സർവ്വജ്ഞനും, സർവ്വശക്തനുമായ ദൈവമായിട്ടാണ് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. 'ഇത് എല്ലാം പ്രവർത്തിക്കുന്നത് താൻ ഇശ്ചിക്കുമ്പോലെ അതാതുവരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നെ' (1 കൊരിന്ത്യർ 12:11) ആകയാൽ ജ്ഞാനവും, പരിജ്ഞാനവും എല്ലാം യഥേഷ്ടം പകർന്നുകൊടുക്കുന്ന സർവ്വജ്ഞതയുടെ ഉറവിടമായി പരിശുദ്ധാത്മാവാം ദൈവം ആയിരിക്കുന്നു. അതുപോലെ തന്നെ 'ശക്തിയുടെ ആത്മാവെന്ന വിശേഷണം പരിശുദ്ധാത്മാവിനുണ്ട് (2 തിമൊഥെയൊസ് 1:7) തീർച്ചയായും താൻ ഇശ്ചിക്കുമ്പോലെ പ്രവർത്തിക്കുവാൻ അധികാരമുള്ള-സർവ്വജ്ഞനായ, സർവ്വശക്തനായ-ദൈവമാകുന്നു പരിശുദ്ധാത്മാവ്.

11 ദൈവം ചെയ്യുന്ന പ്രത്യേക കൃത്യങ്ങൾ പരിശുദ്ധാത്മാവും ചെയ്യുന്നു.

സൃഷ്ടിക്കുന്നവൻ (ഇയ്യോബ് 33:4)

വീണ്ടും ജനനത്താൽ മനുഷ്യനെ പുതുസൃഷ്ടി ആക്കുന്നവൻ (യോഹന്നാൻ 3:8)

ഭൂതങ്ങളെ പുറത്താക്കുന്നവൻ (മത്തായി 12:28)

പാപബോധമുണ്ടാക്കുന്നവൻ (യോഹന്നാൻ (16:8)
മരിച്ചവരെ ഉയർപ്പിക്കുന്നവൻ (റോമർ 8:11)

ഈ നിലകളിൽ പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും സമത്വം പങ്കുവെക്കുന്നു. പരിശുദ്ധാത്മാവിന്റെ ആളത്വവും ദൈവത്വവും ദൈവസമത്വവും നിഷേധിക്കുന്നവർ വചനത്തിൽ നിന്നും ഒരു സാമ്യവും ഇല്ലാത്തവിധം അകലെയാണ് നിലകൊള്ളുന്നത്.

12 പരിശുദ്ധാത്മാവിന് നല്കിയിട്ടുള്ള സ്ഥാനപേരുകളായ ആശ്വാസപ്രദൻ, മാർഗ്ഗദർശി, കാര്യസ്ഥൻ, പ്രബോധകൻ ഇവയെല്ലാം ആളത്വത്തിന് സാക്ഷ്യം നല്കുന്നു.

13 പരിശുദ്ധാത്മാവിന്റെ ദൈവത്വ-ആളത്വ നിഷേധിയുടെ വായടക്കുവാൻ വചനത്തിൽനിന്നും ഏതാനും ഭാഗങ്ങൾമാത്രം മതിയാകുന്നതാണ്.

- 'മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലം വാദിച്ചുകൊണ്ടിരിക്കയില്ല' (ഉല്പത്തി 6:3)
- 'പറയേണ്ടതു പരിശുദ്ധാത്മാവ് ആ നാഴികയിൽ നിങ്ങളെ പഠിപ്പിക്കും.' (ലൂക്കോസ് 12:12)
- 'അവൻ വന്ന് പാപത്തെക്കുറിച്ച് ബോധം വരുത്തും.' (യോഹന്നാൻ 16:8)
- 'ആത്മാവ്: ഫിലിപ്പൊസിനോട് നീ അടുത്തു ചെന്ന് തേരിനോട് ചേർന്ന് നടക്ക' യോഹന്നാൻ ത്തി 8:29)

- 'ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നല്കി' (അ. പ്രവൃത്തി 2:4)
- 'ആത്മാവ് അവനോട് മൂന്നു പുരുഷന്മാർ നിന്നെ അന്വേഷിക്കുന്നു. ഞാൻ അവരെ അയച്ചതാകകൊണ്ട് ഒന്നും സംശയിക്കാതെ അവരോടു കൂടെ പോക എന്ന് പറഞ്ഞു.' (അ. പ്രവൃത്തികൾ 10:19,20)
- ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ട് ഇവരെ എനിക്ക് വേർതിരിപ്പിൻ 'എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു' (അ. പ്രവൃത്തികൾ 13:2)
- പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷരാക്കി വെച്ച (അ. പ്രവൃത്തികൾ 20:28)
- ആത്മാവ് നമ്മുടെ ബലഹീനതക്ക് തുണനില്ക്കുന്നു. (റോമർ 8:26)
- ആത്മാവിൻെറ ചിന്ത ജീവനും, സമാധാനവും (റോമർ 8:6)
- ദൈവാത്മാവ് നടത്തുന്നവർ (റോമർ 8:14)
- 'നാം ദൈവത്തിൻെറ മക്കൾ എന്ന് ആത്മാവ് താനും നമ്മുടെ ആത്മാവോട് സാക്ഷ്യം പറയുന്നു' (റോമർ 8:16)
- 'പരിശുദ്ധാത്മാവെന്ന കാര്യസ്ഥൻ ....ഞാൻ നിങ്ങളോട് പറഞ്ഞത് ഓർമ്മപ്പെടുത്തും.' (യോഹന്നാൻ 14:26)

ഈ വിധം പരിശുദ്ധാത്മാവ് തൻെറ പ്രവർത്തനത്തിൽ-വാദിക്കുന്നു, പഠിപ്പിക്കുന്നു, ബോദ്ധ്യപ്പെടുത്തുന്നു, വിവിധ ഭാഷകൾ നല്കുന്നു, പ്രേരിപ്പിക്കുന്നു, വേലക്കായി വേർതിരിക്കുവാൻ ആഹ്വാനം നല്കുന്നു, സാക്ഷ്യം പറയുന്നു, ദൈവ സഭയിൽ അദ്ധ്യക്ഷന്മാരെ നിയമിക്കുന്നു, തുണ നില്ക്കുന്നു, ചിന്തിക്കുന്നു, ശിഷ്യന്മാർക്ക് ക്രിസ്തു വചസ്സുകൾ ഓർമ്മപ്പെടുത്തുന്നു-എന്നീ നിലകളിൽ ആളത്വ പൂർണ്ണമായ ശുശ്രൂഷ നിർവ്വഹിക്കുന്നു.

14 പിതാവിൻെറയും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറയും ഏകത്വത്തെക്കുറിച്ച് വചനം ദൃഢമായി സംസാരിക്കുന്നു. 'നിങ്ങളൊ ദൈവത്തിൻെറ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്ന് വരികിൽ ജഡസ്വഭാവമുള്ളവരല്ല ആത്മസ്വഭാവമുള്ളവരത്രേ, ക്രിസ്തുവിൻെറ ആത്മാവില്ലാത്തവൻ അവനുള്ളവൻ അല്ല' (റോമർ 8:9)

ഒരേ വാക്യത്തിൽ തന്നെ പരിശുദ്ധാത്മാവിനെ ദൈവത്തിൻെറ ആത്മാവെന്നും ക്രിസ്തുവിൻെറ ആത്മാവെന്നും വിളിച്ചിരിക്കുന്നതിൽ പിതാ, പുത്ര പരിശുദ്ധാത്മാവ് മനുഷ്യൻെറ രക്ഷണ്യവേലക്കും പൂർത്തിക്കുമായി തൻെറതായ ശുശ്രൂഷകൾ ചെയ്യുമ്പോൾ തന്നെ സാരാംശത്തിൽ ഒന്നായി തന്നെ നില്ക്കുന്നു.

15 പഴയനിയമത്തിൽ 'യഹോവയുടെ നാമത്തെ ദുഷിക്കരുത്'', 'യഹോവയെ പരീക്ഷിക്ക

രുത്. എന്നുള്ളത് പുതിയ നിയമത്തിൽ 'പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയരുത് (മർക്കൊസ് 3:29)' പരിശുദ്ധാത്മാവിനെ പരീക്ഷിക്കരുത് (അ. പ്രവൃത്തി 5:9) എന്നുള്ള നിലയിൽ തുലനം ചെയ്തിരിക്കുന്നതിനാൽ പരിശുദ്ധാത്മാവിന്റെ ദൈവത്വവും ദൈവസമത്വവും ഗൗരവപൂർണ്ണമായ സത്യോപദേശം ആകുന്നു.

16 ആളത്വപൂർണ്ണനാണ് പരിശുദ്ധാത്മാവ് എന്നതിന്റെ തെളിവാണ് അറിവ്, തോന്നൽ, ഇച്ഛരയോടുകൂടെ വിശ്വാസിയുടെ പ്രവർത്തനത്തിൽ പരിശുദ്ധാത്മാവ് പ്രതികരിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്ന വചനങ്ങൾ:

"ജ്ഞാനത്തിന്റെ ആത്മാവ്" എന്ന് നിലയിൽ (1 കൊരിന്ത്യർ 12:8) - 'അറിവ്" പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്" (എഫെസ്യർ 4:30) എന്നെഴുതിയിരിക്കുന്നതിനാൽ-'തോന്നൽ' 'ഇതെല്ലാം താൻ ഇച്ഛരിക്കുമ്പോലെ' (1 കൊരിന്ത്യർ 12:11) എന്ന വാക്യത്തിൽ നിന്നും 'ഇച്ഛര' എന്നീ ആളത്വസവിശേഷ ഘടകങ്ങൾ പരിശുദ്ധാത്മാവിനുണ്ടെന്ന് തിരുവെഴുത്ത് തെളിവ് നല്കുന്നു.

17 വചനത്തിൽ പരിശുദ്ധാത്മാവെന്ന ശക്തിയാൽ എന്നല്ല 'പരിശുദ്ധാത്മാവിന്റെ ശക്തിയാൽ' (റോമർ 15:13) എന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവിടെ ശക്തിയെയും ആളത്വത്തെയും വേർതിരിച്ച് വ്യക്തമാക്കുന്നു.

## പരിശുദ്ധാത്മാവിന് പിതാവിനോടും, പുത്രനോടും ഉള്ള സമത്വം

പിതാവിനോടും, പുത്രനോടും സമനാണ് ആളത്വപൂർണ്ണനായ പരിശുദ്ധാത്മാവ് എന്നതിൽ നിന്നും വിഭിന്നമായി ചിന്തിക്കുവാൻ ഒരു ചെറിയ സൂചനപോലും വചനത്തിൽ നിന്നും ലഭ്യമല്ല. അദൃശ്യനായിരിക്കുമ്പോഴും തന്നെ ആളത്വസവിശേഷതകളിൽ ഒരു കുറവും പരിശുദ്ധാത്മാവിനില്ല. പരിശുദ്ധാത്മാവ് 'ഏക ആത്മാവ്' (എഫെസ്യർ 4:4) 'കർത്താവാകുന്ന ആത്മാവ്' (2 കൊരിന്ത്യർ 3:17) 'ദൈവമാകുന്ന ആത്മാവ്' (യോഹന്നാൻ 4:24) മഹത്വത്തിൻെറ ആത്മാവായ ദൈവം (1 പത്രൊസ് 4:14) എന്ന വിധം ദൈവമായിരിക്കുമ്പോഴും തന്നെ പിതാവിനോടും, പുത്രനോടും ബന്ധപ്പെട്ടിരിക്കുന്നു. 'പിതാവിൻെറ ആത്മാവെന്ന്' (മത്തായി 10:20) വിവക്ഷിക്കയാൽ പിതാവാം ദൈവത്തോടും, 'ക്രിസ്തുവിൻെറ ആത്മാവ്' (റോമർ 8:9) 'യേശുക്രിസ്തുവിൻെറ ആത്മാവ്' (ഫിലിപ്പ്യർ 1:19) 'സ്വപുത്രൻെറ ആത്മാവ്'(ഗലാത്യർ 4:6) എന്ന് എഴുതിയിരിക്കുന്നതിനാൽ പുത്രനാം ദൈവത്തോടും വേർതിരിക്കുവാൻ കഴിയാത്തവണ്ണം പരിശുദ്ധാത്മാവ് ബന്ധപ്പെട്ടിരിക്കുന്നു എന്ന് സ്പഷ്ടമാണ്. 'മറെറാരു കാര്യസ്ഥൻ' (യോഹന്നാൻ 14:16) എന്ന വാക്ക് തന്നെയും സ്വതരത്തിൽ നിന്നുതന്നെയുള്ള 'മറെറാരു കാര്യസ്ഥൻ' എന്നാണാശയം. ആകയാൽ

തന്റേതായ ശുശ്രൂഷ മനുഷ്യന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ ചെയ്യുമ്പോഴും തന്നെ പിതാവാം ദൈവത്തോടും പുത്രനാം ദൈവത്തോടും കൂടെ ത്രിത്വത്തിലും, ദൈവിക സമത്വത്തിലും, സാരാംശത്തിലും പങ്കാളിയും പരിശുദ്ധാത്മാവാം ദൈവമാണ്.

# 4

# ത്രിത്വോപദേശ സംഗ്രഹം

ത്രിത്വം എന്ന അതിഗൗരവവും, അടിസ്ഥാന പരവുമായ ഉപദേശത്തെ പുറംതള്ളുന്നവർ സാത്താന്റെ ബന്ധനങ്ങളിൽ അകപ്പെടും. അങ്ങനെയുള്ളവർക്ക് അതിഭയാനകമായ ആത്മിക ദുരന്തമാണ് സംഭവിക്കുക. തിരുവചന സത്യങ്ങൾക്ക് ദൈവം ഇട്ടിരിക്കുന്ന അടിസ്ഥാനത്തിൽ നിന്നും വ്യതിചലിക്കുമ്പോൾ എതിരുപദേശം ഉളവാകുന്നതായിരിക്കും അനന്തരഫലം. എതിരുപദേശം സ്വീകരിക്കുന്നവർക്ക് അവർ പറയുന്നതിൽ നിലനില്ക്കുവാൻ കഴിയുകയില്ല. ത്രിത്വനിഷേധികളുടെ നാളിതുവരെയുള്ള ചരിത്രവും ഈ വസ്തുത തെളിയിക്കുന്നതാണ്. അവർ പറഞ്ഞുവരുന്ന വിഷയങ്ങൾക്ക് ഭേദഗതി വരുത്തിയും അവരുടെ അവകാശവാദങ്ങളിൽ നിന്ന് വ്യതിചലിച്ചും കൊണ്ട് ദുരുപദേശകരെന്ന് അധികമായി തെളിയിച്ചുവരുന്നു.

ത്രിത്വോപദേശം നിഷേധിക്കുന്നതോടുകൂടി അതിൽനിന്നും ഉടലെടുക്കുന്ന വിപരീതോപദേശങ്ങൾ പലതാണ്.

1 യേശുക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കുന്നു.

2 പരിശുദ്ധാത്മാവിൻെറ ആളത്വവും ദൈവത്വവും നിഷേധിക്കുന്നു.

3 ദൈവവചനത്തിൻെറ ആധികാരികത നിഷേധിക്കുന്നു.

4 ഏകദൈവ വിശ്വാസത്തെ യുക്തിക്ക് നിരക്കുന്നതാക്കാൻ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനം തിരുത്തൽ ചെയ്യുക എന്ന മഹാപാപം ചെയ്തപ്പോൾ ത്രിത്വനിഷേധിയുടെ പുസ്തകത്തിൽ വലിയ ദൈവവും, ചെറിയ ദൈവവും ഉണ്ടായി. അങ്ങനെ ഏകദൈവ വിശ്വാസം സ്ഥാപിക്കാൻ വചനം തിരുത്തിയവർ ബഹുദൈവ വിശ്വാസികളെന്ന് തെളിയിക്കപ്പെടുന്നു.

5 യഹോവയുടെ സാക്ഷികൾ എന്ന് ഊററം കൊള്ളുന്നവർ യഹോവ തന്നെ ക്രിസ്തു എന്ന് തിരിച്ചറിയാതെ ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിച്ചപ്പോൾ, യഹോവയെ തന്നെ നിഷേധിക്കുന്നവരായി തീരുന്നു.

അങ്ങനെ ത്രിത്വത്തെ നിഷേധിക്കുന്നവർ ദൈവനിഷേധികൾ ആണെന്ന് സ്വമേധയാ തെളിയിക്കപ്പെടുന്നു. മണലിൻമേൽ പണിത വീടുപോലുള്ള ഈ മൂഢോപദേശത്തിൽ സത്യോപദേശത്തിൻെറ കാററ് ഒന്ന് വീശിയാൽ മതി-കല്ലിൻമേൽ കല്ല് ശേഷിക്കാതെ അത് തകർന്ന് വീഴുന്നത് കാണുവാൻ സാധിക്കും.

## ത്രിയേകോപദേശം

ത്രിയേക സ്വഭാവം പ്രകടമാകുന്ന അനേക ദൃഷ്ടാന്തങ്ങൾ പ്രപഞ്ചത്തിൽ തന്നെ തെളിവായിട്ടുണ്ടെങ്കിലും അതിൽ നിന്നും എത്രയൊ ഉന്നതമായിട്ടാണ് ദൈവിക ത്രിത്വം നിലകൊള്ളുന്നത്. വിശ്വാസത്താൽ ത്രിയേക സത്യത്തിന് 'ആമേൻ' പറയുകയല്ലാതെ ദൃഷ്ടാന്തങ്ങളാൽ അത് വെളിവാക്കുക അസാദ്ധ്യം. 'ആകയാൽ നിങ്ങൾ എന്നെ ആരോട് സദൃശമാക്കും? ഞാൻ ആരോട് തുല്ല്യനാകും എന്ന് പരിശുദ്ധനായവൻ അരുളിചെയ്യുന്നു' എന്ന് യെശയ്യാ പ്രവാചകത്തിലൂടെ ബൈബിൾ ചോദിക്കുന്നു. ദൈവോൽപത്തിയെക്കുറിച്ച് ഉത്തരം കണ്ടെത്തുവാൻ യുക്തി ഏവംവിധം അപര്യാപ്തമായിരിക്കുന്നുവൊ അതേവിധം ത്രിയേകത്വത്തിനും ഉത്തരം കണ്ടെത്തുവാൻ യുക്തിക്ക് കഴികയില്ല. ആത്മാവിനാൽ വിവേചിക്കേണ്ട ആത്മിക സത്യത്തെ പരിശുദ്ധാത്മാവ് വെളിവാക്കി തരുമ്പോൾ സർവ്വാത്മനാ അത് സ്വീകരിക്കമാത്രം മനുഷ്യഭാഗത്തെ കടമ ആകുന്നു. 'ദൈവം ഏകൻ' എന്നുള്ളതിലെ ഏകത്വത്തെ ലൗകിക ഗണിതത്തിലൊതുക്കുവാൻ തുനിയുമ്പോഴാണ് മനുഷ്യന് പരാജയം സംഭവിക്കുന്നത്. ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിക്കുന്ന ദൈവം 'നാം', 'നമ്മുടെ' എന്നിങ്ങനെ തന്നെക്കുറിച്ച് തന്നെ സംബോധന ചെയ്യുന്ന അനേക ഭാഗങ്ങൾ വേദത്തിലുണ്ട്. ആ ഭാഗങ്ങൾ പൂജക ബഹുവചനത്തിൽ ഉദ്ധരിക്കുന്നതാണെന്ന ചിന്തക്ക് സ്ഥാനമില്ല. പകരം ഏകത്വത്തിലെ ത്രിത്വവും ത്രിത്വത്തിലെ ഏകത്വവും സമാന്തരമായി അഭ്യസിപ്പിച്ചുവരുന്ന വചന ശൈലിക്കനു

സാരമായാണ് 'ഞാൻ' എന്നും 'എന്റെ' എന്നും അവകാശപ്പെടുന്ന ദൈവം 'നാം' എന്നും 'നമ്മുടെ' എന്നും പ്രഖ്യാപിക്കുന്നത്. ഉല്പത്തി മുതൽ വെളിപ്പാട് വരെ ത്രിത്വം പ്രകടമാകുന്ന അനേക സന്ദർഭങ്ങളും വചനത്തിൽ തെളിവിനുണ്ട്. ആകയാൽ 'ദൈവം ഏകൻ' എന്നു പറയുമ്പോൾ 'ഏകത്വത്തിലെ കൂട്ടായ്മ' എന്ന നിലയിലാണ് ചിന്തിക്കേണ്ടത്. ദൈവിക ത്രിത്വത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും സമൻമാരാണ്. മനുഷ്യത്വത്തിലുള്ള താഴ്ചയിൽ 'പിതാവ് എന്നിലും വലിയവൻ' എന്നു പറയുന്ന ക്രിസ്തുവിന് സ്വർഗ്ഗീയ സ്ഥാനത്ത് പിതാവിനോട് സമത്വമാണ്. അതിനാൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ക്രമം വചനത്തിൽ കാണുന്നത് വലിപ്പ ചെറുപ്പം അനുസരിച്ചില്ല. കൊരിന്ത്യർക്ക് എഴുതിയ രണ്ടാം ലേഖനത്തിലെ അവസാന വാക്യത്തിൽ ദൈവികാശിസ്സ് നേരുന്ന ഭാഗത്ത് പുത്രന്റെ സ്ഥാനം ഒന്നാമതും, പിതാവിന്റെ സ്ഥാനം രണ്ടാമതും കാണുന്നുണ്ട്. ആകയാൽ വലിപ്പ ചെറുപ്പം അനുസരിച്ചല്ല, പകരം മനുഷ്യന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ ദൈവം നിർവ്വഹിച്ചിരിക്കുന്ന ശുശ്രൂഷയുടെ സ്വഭാവത്താലാണ് പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ ക്രമം അനുവർത്തിക്കുന്നത്. പിതാവ് രക്ഷ ഒരുക്കി, പുത്രൻ പ്രായശ്ചിത്തയാഗമായി, പരിശുദ്ധാത്മാവ് അത് മനുഷ്യ ഹൃദയത്തിൽ പ്രാവർത്തികമാക്കുന്നു എന്നതാണ് വീണ്ടെടുപ്പിന്റെ ക്രമം തന്നെ. ആ ക്രമം തന്നെയാണ് ദൈവിക അശീ സംബോധനയിലും സ്വീകരിച്ചിരിക്കുന്നത്. മനുഷ്യന്റെ വീണ്ടെടുപ്പിനോടുള്ള ബന്ധത്തിൽ പിതാ

വിൻെറ പ്രവൃത്തി സ്വർഗ്ഗത്തിലും, പുത്രൻെറയും, പരിശുദ്ധാത്മാവിൻെറതും ഭൂമിയിലേതുമായി ബന്ധപ്പെട്ടിരിക്കയാൽ മനുഷ്യൻെറ താഴ്ചയിൽ നിന്നും അവനെ ഉദ്ധരിക്കേണ്ടതിന് അവൻെറ താഴ്ചയുമായി ഏകീഭാവം വരുന്ന ചില ഉദ്ധരണികൾ ഉണ്ട്. ക്രിസ്തുവിൻെറ ദൈവത്വം നിഷേധിക്കുന്നവർ ആ ഭാഗങ്ങൾ മാത്രമാണ് തെളിവിനെന്നവണ്ണം ഉപയോഗിക്കുന്നത്. എന്നാൽ ആ ഒരു വശംകൊണ്ടു മാത്രം ക്രിസ്തുവിൻെറ താത്വിക നില വെളിപ്പെടുന്നില്ല. തത്വത്തിൽ താൻ ദൈവവും, പാപിയുടെ പകരക്കാരനായി–പാപവാഹകനായി–വരുന്ന മനുഷ്യനുമാണ്. രക്ഷണ്യവേലയിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും തങ്ങളുടേതായ കൃത്യം നിർവ്വഹിക്കുമ്പോൾ വാക്കിലൊ, പ്രവൃത്തിയിലൊ വ്യത്യസ്തത കാണുന്നുവെങ്കിൽ അത് മനുഷ്യൻെറ രക്ഷക്ക് ആവശ്യമായിരിക്കുന്ന വ്യത്യസ്തത മാത്രമാണെന്നാണ് തിരുവെഴുത്തിൽ നിന്നും മനസ്സിലാകുന്നത്. അതല്ലാതെ ദൈവികതയിലുള്ള വ്യത്യസ്തതയല്ല. സ്വർഗ്ഗീയ മഹത്വത്തിൽ പിതാവും, പുത്രനും, പരിശുദ്ധാത്മാവും സമൻമാരാണ്, ഒന്നാണ്.

## ത്രിയേകത്വത്തിന് വചനത്തിൽ നിന്നുള്ള തെളിവുകൾ

ദൈവം ഏകൻ എന്നുള്ള വാക്യത്തിന് സമാന്തരമായി ആ ഏകത്വത്തിൽ മൂന്ന് ആളത്വമുണ്ടെന്നുള്ളത് നിരവധി തെളിവുകളാൽ ബൈബിൾ വ്യക്തമാക്കുമ്പോൾ ആ സത്യത്തെ സ്വീകരിപ്പാൻ കഴിയാ

ത്തത് ദൈവവചനത്തോടുള്ള വിശ്വസ്തത ആയിരിക്കില്ല. 'ഏകൻ' എന്ന പ്രയോഗം പിതാവിനെന്ന പോലെ പുത്രനും, പരിശുദ്ധാത്മാവിനും വചനത്തിൽ കാണുന്നതിനാൽ ഏകത്വത്തിലെ ത്രിത്വം നിഷേധിക്കുവാൻ കഴിയാത്ത യാഥാർത്ഥ്യമാണ്.

ഏകദൈവത്തിലെ മൂന്നു ആളത്വത്തോടും വിശ്വാസി ബന്ധപ്പെട്ടിരിക്കുന്നത് ത്രിത്വം മൂലമാണ്.

1 വിശ്വാസിയുടെ ശരീരം പിതാവാം ദൈവത്തിനുള്ളത് (1 കൊരിന്ത്യർ 3:16), പുത്രനാം ക്രിസ്തുവിനുള്ളത് (1 കൊരിന്ത്യർ 6:15), പരിശുദ്ധാത്മാവിനുള്ളത് (1 കൊരിന്ത്യർ 6:19) എന്ന് എഴുതിയിരിക്കുന്നു. പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സമത്വമില്ലെങ്കിൽ ഈ ഭാഗങ്ങൾ പരസ്പര വിരുദ്ധമായി വരും. അതിനാൽ ഏകത്വത്തിലെ ത്രിത്വം ഈ ഭാഗങ്ങൾ തെളിയിക്കുന്നു.

2 വിശ്വാസി അനുഭവിക്കുന്നത് പിതാവിന്റെ സ്നേഹം (1 യോഹന്നാൻ 4:10) പുത്രനാം ക്രിസ്തുവിന്റെ സ്നേഹം (എഫെസ്യർ 3:19) പരിശുദ്ധാത്മാവിന്റെ സ്നേഹം (റോമർ 15:32) ആകുന്നു. അതു മൂന്നു സ്നേഹം ആയിരിക്കുന്നില്ല. ചെറിയ ദൈവത്തിന്റെ സ്നേഹവും വലിയ ദൈവത്തിന്റെ സ്നേഹവുമെന്നല്ല. പിന്നെയാ, ഏക ദൈവസ്നേഹമെത്രെ. ത്രിത്വത്തിലെ ഏകത്വത്തിന് ഈ ഭാഗങ്ങൾ ശക്തമായ തെളിവാണ്.

3 വിശ്വാസിയിൽ വസിക്കുന്നത് പരിശുദ്ധാത്മാവ് (1 കൊരിന്ത്യർ 6:19) പിതാവാം ദൈവത്തിന്റെ ആത്മാവ് (1 കൊരിന്ത്യർ 3:16), പുത്രനാം ക്രിസ്തുവിന്റെ ആത്മാവ് (റോമർ 8:9) ആകുന്നു. മൂന്നുതരത്തിലുള്ള ആത്മാക്കൾ അല്ല പകരം ഏക ദൈവാത്മാവാണ്. ത്രിത്വ നിഷേധികൾ പറയുന്നതുപോലെ യേശുക്രിസ്തു രണ്ടാം തര ദൈവമാണെങ്കിൽ വിശ്വാസിയിൽ വസിക്കുന്ന ആത്മാവും ഒന്നാം തരവും, രണ്ടാം തരവും ആയിരിക്കേണമെന്നുള്ളത് സർവ്വാബദ്ധ നിഗമനമാണെന്നതിൽ സംശയമില്ല. ആകയാൽ വിശ്വാസിയിൽ വസിക്കുന്നത് പരിശുദ്ധാത്മാവ്, ക്രിസ്തുവിൻ ആത്മാവ്, ദൈവാത്മാവ് എന്നിങ്ങനെ ആയിരിക്കുമ്പോൾ തന്നെ മൂന്നു ആത്മാക്കൾ അല്ല, പകരം ഏക ദൈവാത്മാവ് ആകുന്നു, അഥവാ പരിശുദ്ധാത്മാവാം ദൈവമാകുന്നു. ഈ വിഷയത്താലും ത്രിത്വത്തിലെ ഏകത്വം എന്ന ഉപദേശം ദൃഢീകരിക്കപ്പെടുന്നു.

4 പിതാവാം ദൈവത്തെ പരീക്ഷിക്കരുത് (മത്തായി 4:7), ക്രിസ്തുവിനെ പരീക്ഷിക്കരുത് (കൊരിന്ത്യർ 10:9), പരിശുദ്ധാത്മാവിനെ പരീക്ഷിക്കരുത് (അ. പ്രവൃത്തികൾ 5:9) എന്ന് വചനം പറയുന്നു. ത്രിത്വത്തിൽ ഏകത്വമില്ലെങ്കിൽ അത് മൂന്ന് ദൈവങ്ങളെ പരീക്ഷിക്കരുത് എന്നാകും. ഏകത്വത്തിൽ ത്രിത്വം ഇല്ലായിരുന്നുവെങ്കിൽ ദൈവത്തെ പരീക്ഷിക്കരുത് എന്നുമാത്രം മതിയാകുമായിരുന്നു. ആകയാൽ

ത്രിയേകോപദേശം നിഷേധിക്കുവാൻ അസാദ്ധ്യമായ വിധം വചനപരമായ തെളിവുകളിലൂടെ ഉറപ്പിക്കപ്പെട്ട വിശ്വാസ സത്യമാണ്.

5 വീണ്ടും, തിരുവചനത്തെ ദൈവത്തിന്റെ വചനം എന്നും (എബ്രായർ 4:12), ക്രിസ്തുവിൻ വചനം എന്നും (കൊലൊസ്യർ 3:16) പരിശുദ്ധാത്മാവിൻ വചനം എന്നും (1 കൊരിന്ത്യർ 2:13) പറയുമ്പോഴും മൂന്നു വചനങ്ങളല്ല, ഏക ദൈവവചനമായിട്ടാണ് അത് സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നത്.

ഈ വേദഭാഗങ്ങൾ എല്ലാം തന്നെ ഏകത്വത്തിൽ ത്രിത്വവും, ത്രിത്വത്തിൽ ഏകത്വവും ഉണ്ടെന്നുള്ള ത്രിയേക വിശ്വാസത്തിന്റെ മാററമില്ലാത്ത തെളിവു നല്കുന്ന ചില ഉദാഹരണങ്ങൾ മാത്രമാണ്. തിരുവചനം മുഴുവനും തന്നെ ഈ ഉപദേശത്താൽ സംതുലനം ചെയ്യപ്പെട്ടിരിക്കുന്നു.

ഉപദേശങ്ങളിലും വിവിധ വിഷയങ്ങളിലും അഭിപ്രായ വ്യത്യാസവും വ്യാഖ്യാന വിഭിന്നതയും നിലവിലുണ്ടാകാമെങ്കിലും അതിൽ നിന്നും എത്രയൊ ഗുരുതരമായ പാപമാണ് പരിശുദ്ധാത്മാവിന്റെയും ക്രിസ്തുവിന്റെയും ദൈവത്വത്തെ നിഷേധിക്കുന്നതിലൂടെ സംജാതമാകുന്നത്. ശരിക്കും ഉപദേശവിഷയങ്ങളെയല്ല ഇവർ തർക്കവിഷയമാക്കുന്നത് ഉപദേശകനെയാണ്; ദൈവിക വിഷയങ്ങളെയല്ല ദൈവത്തെ തന്നെയാണ് ചോദ്യം ചെയ്യുന്നത്.

## 'ഏകൻ'-'ത്രിയേകൻ'

'ത്രിയേക ദൈവം' എന്ന പദം ബൈബിളിൽ ഇല്ലാത്തതാണ് ആ വിശ്വാസത്തെ സ്വീകരിക്കാതിരിക്കുവാനുള്ള ഒടുവിലത്തെ ന്യായമായി ത്രിതോപദേശത്തെ തിരസ്കരിക്കുന്നവർ ചൂണ്ടിക്കാണിക്കുന്നത്. വാസ്തവത്തിൽ വിശ്വാസത്തെയല്ല വിശ്വാസത്തിന്റെ നായകനെയാണ് സ്വീകരിക്കാതിരിക്കുന്നത്. അവരുടെ വാദം കേട്ടാൽ തോന്നുക ത്രിയേക ദൈവം എന്നൊരു പദം വചനത്തിൽ ഉണ്ടായിരുന്നുവെങ്കിൽ തങ്ങൾ വിശ്വസിക്കുമായിരുന്നു എന്നാണ്. ത്രിയേകൻ എന്ന പദം എഴുതപ്പെട്ട വചനത്തിൽ പ്രദർശിപ്പിക്കേണ്ട എന്ന് തീരുമാനിച്ചത് വചനത്തിന്റെ അധികാരിയായ ദൈവമാണ്. അതിനാൽ ആദ്യ നൂററാണ്ടു മുതൽ ദൈവത്തിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവരെ തിരിച്ചറിയുവാൻ കഴിഞ്ഞു. ഏകദൈവം എന്നുള്ള സത്യോപദേശത്തിന് സമാന്തരമായി തന്നെ ഏകദൈവത്തിന്റെ മൂന്നു ആളത്വമായി പിതാവും, പുത്രനും, പരിശുദ്ധാത്മാവുമാണെന്നതും സത്യവചനം തെളിയിക്കുന്നതിനാൽ ഉപദേശക്രോഡീകരണത്തിനായി 'ത്രിയേക ദൈവം' എന്ന പദം ഉപയോഗിക്കുന്നത് വചനപരമായും, ഭാഷാപരമായും ശരിതന്നെയാണ്. വചനത്തിൽ ഉപദേശമുണ്ടെങ്കിൽ അതിനനുയുക്തമായ പദരൂപം ഉപയോഗിക്കാം.

'ത്രിയേക ദൈവം' എന്നുള്ളത് മനുഷ്യൻ ദൈവത്തിന് ഇട്ടിരിക്കുന്ന ഒരു പേരല്ല എന്ന് ഓർക്കേണ്ടതാണ്. മനുഷ്യൻ ദൈവത്തെ ഏത് നാമത്തിലാണ്

അറിയേണ്ടത് എന്ന് ദൈവം മാത്രമാണ് വെളിപ്പെടുത്തുന്നത്. ഏകത്വത്തിലെ ത്രിത്വവും, ത്രിത്വത്തിലെ ഏകത്വവും വചനപരമായ തെളിവുകളാൽ ദൃഢീകരിക്കപ്പെട്ടിരിക്കുമ്പോൾ ആ ഉപദേശത്തിനനുരൂപമായത് 'ത്രിയേകത്വം' എന്ന പദം മാത്രമാണ്. വചനത്തിൽ ഉപദേശമുണ്ടെങ്കിൽ തത്തുല്യമായ പദം മററു വിഷയങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്.

'യഹോവ' എന്ന നാമം ഒരു പ്രാവശ്യം പോലും പുതിയ നിയമത്തിൽ കാണുന്നില്ല. പകരം പുതിയ നിയമത്തിന്റെ പ്രഥമലിഖിതത്തിൽ കർത്താവ് (Kyrious) എന്ന തത്തുല്യപദമാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് യഹോവ യഹോവയല്ലാതെ വരുന്നില്ല. ദൈവം വിവിധ നാമങ്ങളിൽ തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ഏകത്വത്തിൽ ബഹുത്വത്തോടുകൂടിയ അർത്ഥത്തിൽ 'എലോഹിം' എന്ന നാമം അതിൽ പ്രധാനമായതാണ്. പഴയനിയമത്തിൽ ഏററവും അധികം പ്രാവശ്യം കാണുന്ന 'യഹോവ' എന്ന നാമം പിതാവാം ദൈവത്തിനും, പുത്രനാം ദൈവത്തിനും ഉപയോഗിച്ചിരിക്കുന്നു. പുതിയ നിയമത്തിൽ അതിന് തുല്യമായ പദമായ 'കർത്താവ്' പിതാവിനും പുത്രനും ഒരുപോലെയുള്ളതായി വചനത്തിൽ കാണുന്നു. അതുപോലെ പഴയനിയമത്തിൽ യഹോവയുടെ ആത്മാവെന്നും, പുതിയ നിയമത്തിൽ കർത്താവിന്റെ ആത്മാവെന്നും ഉള്ള വിശേഷണത്താൽ പരിശുദ്ധാത്മാവ് പിതാവിനോടും, പുത്രനോടും ഒരുപോലെ ബന്ധപ്പെട്ടിരിക്കുന്നു. കാലസമ്പൂർണ്ണതയിൽ ക്രിസ്തു സ്ത്രീയുടെ സന്തതിയായി മനുഷ്യനായി വന്നപ്പോൾ പഴയനിയമ

യുഗം അവസാനിച്ചു. ദൈവത്തിൽ അന്തർലീനമായിരുന്ന ത്രിത്വം എന്ന മർമ്മം അതിന്റെ മറ നീക്കി പുറത്തുവന്നു. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ഏകദൈവത്തിന്റെ മൂന്നു ആളത്വം മനുഷ്യന്റെ വീണ്ടെടുപ്പ് വേലയിൽ പ്രാവർത്തികമായി. പുത്രൻ ജഡരക്തങ്ങളോടുകൂടി വന്നപ്പോൾ പഴയനിയമകാലവും യഹോവ എന്ന നാമവും മുൻ അദ്ധ്യായമായി. പുത്രൻ 'യഹോവ രക്ഷകൻ' എന്ന അർത്ഥം വരുന്ന 'യെഹോശുവ' (Jehoshua) എന്ന നാമം സ്വീകരിച്ചു. അതിൽ നിന്നാണ് യേശു എന്ന പേർ വരുന്നത്. യഹോവ തന്നെ രക്ഷകനായി വരുന്നതുകൊണ്ടാണ് അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിക്കകൊണ്ട് അവൻ യെഹോശുവ (Heb) അഥവാ യേശു എന്ന് പേർ ഇടണം എന്നു പറഞ്ഞു.

പഴയനിയമ കാലത്ത് ദൈവം തന്നെക്കുറിച്ച് വെളിപ്പെടുത്തിയ നാമങ്ങളിൽ ബഹുത്വം അഥവാ ത്രിത്വം നിഴലിച്ചിരുന്നു. 'ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്'' എന്ന് കല്പന ത്രിത്വത്തിൽ നിന്നുമാണ്. അഥവാ ത്രിത്വപൂർണ്ണമായനാമങ്ങളിൽ നിലനിന്നുകൊണ്ടാണ് 'ദൈവം ഏകൻ' എന്നും അരുളിച്ചെയ്തിരിക്കുന്നത്. ദൈവത്തിൽ അന്തർലീനമായിരുന്ന ആ മർമ്മം പുത്രൻ ഭൂമിയിൽ വന്നപ്പോൾ വെളിപ്പെടുത്തി, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന് ക്രിസ്തു ആ മർമ്മം ഉപദേശിച്ചു. അപ്പൊസ്തലന്മാർ ആ സത്യം അതിന്റെ ആഴത്തിൽ ഗ്രഹിക്കുകയും, അടിയുറച്ച് വിശ്വസിക്കുകയും, പൂർണ്ണതയിൽ പഠിപ്പി

ക്കുകയും ചെയ്തു. മനുഷ്യന്റെ വീണ്ടെടുപ്പ് എന്ന രക്ഷാപദ്ധതി കാലസമ്പൂർണ്ണതയിൽ ക്രിസ്തുവിലൂടെ അക്ഷരീകമായി നിറവേറിയതോടുകൂടി ദൈവിക ത്രിത്വം അതിന്റെ പൂർണ്ണ നിലയിൽ ദൃശ്യമായതിനാൽ തിരുവെഴുത്ത് ഈ സത്യത്തെ കേന്ദ്രീകരിച്ച് പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. വെളിപ്പാട് പുസ്തകത്തോടുകൂടി ദൈവത്തെക്കുറിച്ച് മനുഷ്യന് ലഭ്യമാകേണ്ട-അഥവാ ദൈവത്തെക്കുറിച്ച് എത്ര മാത്രം വെളിപ്പാട് മനുഷ്യന് ലഭ്യമാകണമെന്ന് ദൈവം ആഗ്രഹിച്ചുവൊ-ആ വെളിപ്പാട് പൂർത്തിയായി. അതായത് ഏകദൈവമെ ഉള്ളുഎന്നും' ആ ഏകത്വത്തിൽ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വമുണ്ടെന്നും, മനുഷ്യന്റെ വീണ്ടെടുപ്പിനായി പിതാവും, പുത്രനും, പരിശുദ്ധാത്മാവും തനതായ ശുശ്രൂഷ ചെയ്യുമ്പോഴം തന്നെ തമ്മിൽ വേർപിരിവില്ലാതെ സമത്വത്തിൽ, നിത്യത്വത്തിൽ ഒന്നാകുന്നു എന്ന വെളിപ്പാട് പൂർത്തിയായി.

തിരുവെഴുത്തിന്റെ ആധികാരികതയാൽ ദൃഢീകരിക്കപ്പെട്ടിരിക്കുന്ന ഈ വിശ്വാസ സത്യത്തെ ത്രിത്വവിശ്വാസം എന്ന് നാമകരണം ചെയ്യുന്നത് വചനപരമായി ശരിതന്നെ ആകുന്നു. അതുപോലെ തന്നെ ക്രിസ്തുവിനെ നിഷേധിക്കുന്ന ഒരു ഉപദേശവും ക്രിസ്തീയമല്ല എന്നും വചനം വ്യക്തമാക്കുന്നു.

''ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നില നില്ക്കുന്നവനോ പിതാവും, പുത്രനും ഉണ്ട്.' (2 യോഹന്നാൻ:9)

ത്രിത്വത്തിൽ കൂടിയല്ലാത്ത ഒരു ഏകത്വം ദൈവത്തെക്കുറിച്ച് തിരുവെഴുത്തിൽ ഇല്ലാത്തിടത്തോളം 'ഏകൻ'-'ത്രിയേകൻ' അത്രേ.